# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.20 | No.8 | കാർത്തികപ്പള്ളി | R.No. 7361/02 | 2020 AUGUST

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: **vedabhimani.com**

## കുഞ്ഞിന്റെ പേരിൽ വീണ്ടും ട്വിസ്റ്റ്






സ്പേസ് എക്സ് മേധാവി ഇലോൺ മസ്ക്ക് കുഞ്ഞിന്റെ ആധുനിക പേരിൽ ഒരു ക്ലാസിക് ട്വിസ്റ്റ് കൂടി ചേർത്തിരിക്കുന്നു. കുട്ടിയെ സ്വാഗതം ചെയ്തതുതന്നെ "X Æ A-12" എന്ന് പേരിട്ടായിരുന്നു. ഈ പേര് ഓൺലൈൻ ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടു. എന്നാൽ ആ പേര് ഇപ്പോൾ "X Æ A-Xii." ലേക്ക് മാറ്റേണ്ടിവന്നിരിക്കുകയാണ്.

കാലിഫോർണിയൻ നിയമങ്ങൾ കാരണം നിങ്ങൾ കുഞ്ഞിന്റെ പേര് മാറ്റിയിട്ടുണ്ടോ? കുഞ്ഞിന്റെ പുതിയ പേര് എന്താണ്? എന്ന് ഒരു ആരാധകൻ ചോദിച്ചപ്പോൾ കുഞ്ഞിന്റെ അമ്മ ഗ്രിംസ് തന്നെയാണ് പുതിയ പേര് വെളിപ്പെടുത്തിയത്. ഗ്രിംസ് ഇൻസ്റ്റാഗ്രാമിലൂടെ മറുപടി നൽകിയത് ഇങ്ങനെയാണ്: "X Æ A-Xii."

## പാവകൾ കസേര കയ്യടക്കിയാൽ!



കൂട്ടുകാരെയും കൂട്ടി ഹോട്ടലിൽ ചായ കുടിക്കാൻ പോയാൽ നമ്മളെന്തു ചെയ്യും? ആളൊഴിഞ്ഞ മേശ കണ്ടുപിടിക്കും, അല്ലേ? എന്നാൽ, ഈ ഹോട്ടലിൽ ഒഴിഞ്ഞ മേശ ഒന്നുമുണ്ടാവില്ല. നേരത്തേ സീറ്റു പിടിച്ച ചില ആശാന്മാരുടെ കൂടെ ഇരിക്കേണ്ടിവരും! മനുഷ്യരല്ല കേട്ടോ ഈ റിസർവേഷൻ സീറ്റുകാർ പാവകളാണ്! ജപ്പാനിലെ ഇസുഷബോൺടെ എന്ന മൃഗശാലയോടുചേർന്നുള്ള ഭക്ഷണശാലയാണിത്. കൊറോണക്കാലത്ത് 'സോഷ്യൽ ഡിസ്റ്റൻസിങ്' പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് മൃഗശാല അധികൃതർ ഇങ്ങനെയൊരു ക്രമീകരണം ചെയ്തത്. പലതരം ജീവികളുടെ പാവകൾ മുൻകൂട്ടി കസേര കൈയ്യടക്കിയാൽ പിന്നെ ആളുകൾ അടുത്തടുത്ത് ഇരിക്കുന്നത് ഒഴിവാക്കാമല്ലോ!


## സൂം മീറ്റിംഗിലെ സുന്ദരൻ കഴുത

സീരിയസായി ഒരു കമ്പനിയുടെ ഓൺലൈൻ മീറ്റിംഗ് നടക്കുകയാണ്. പെട്ടെന്നതാ, സ്ക്രീനിൽ പുതിയൊരു മുഖം തെളിയുന്നു! മാംബോ എന്ന കഴുതയാണ് മീറ്റിംഗിൽ പങ്കെടുക്കാൻ എത്തിയിരിക്കുന്നത്! കുറേ പേർക്ക് ഒരുമിച്ചിരുന്ന് ഓൺലൈൻ മീറ്റിംഗ് നടത്താവുന്ന 'സൂം ആപ്പ്' ലോക്ഡൗൺ കാലത്ത് വാർത്തകളിൽ ഇടംപിടിച്ചിരുന്നല്ലോ. ഇത്തരം മീറ്റിംഗുകളിൽ പങ്കെടുക്കാൻ കഴുതയെ വിട്ടുതരും. അമേരിക്കയിലെ നോർത്ത് കാരലൈനയിലെ ഒരു ഫാം ആണ് ഈ ഐഡിയയുമായി മുന്നോട്ടുവന്നത്. കാമറ കണ്ടാൽ വിടാത്ത മാംബോ കുള്ളൻ കഴുതയെ മീറ്റിംഗിൽ പങ്കെടുപ്പിക്കാൻ ചെറിയൊരു തുക മുടക്കിയാൽ മതി. തല പെരുപ്പിക്കുന്ന ചർച്ചകൾക്കിടയിൽ ഒന്നു റിലാക്സ് ചെയ്യാൻ പലരും മാംബോയെ മീറ്റിംഗിലേക്കു വിളിച്ചുകഴിഞ്ഞു.



## വീഡിയോ ബാക്ഗ്രൗണ്ട്

കൊറോണക്കാലത്ത് വീടുകൾ ഓഫീസുകളാകുകയാണ്. ഇനി വീടു വയ്ക്കുന്നവർ പറ്റുമെങ്കിൽ ഓഫീസ് മുറികൾ കൂടെ ഉണ്ടാക്കുമെന്ന കാര്യവും ഉറപ്പാണ്.വാങ്ങിവയ്ക്കാവുന്ന ഓഫീസ് ക്യാബിനുകളും കൂടുതലായി ലഭ്യമായേക്കും. പക്ഷേ, അതൊക്കെ പിന്നീടു നടക്കുന്ന കാര്യമാണ്. ഇതൊന്നും ഇല്ലെങ്കിൽ തന്നെ നമുക്കിത് പരിഹരിക്കാമെങ്കിലോ? പല ഉദ്യോഗസ്ഥർക്കും ഇന്ന് വീഡിയോ കോളിലൂടെ സംവദിക്കേണ്ടതായി വരുന്നുണ്ട്. സൗഹാർദ്ദപരമായ കൂട്ട വീഡിയോ കോളുകളുടെ എണ്ണവും വർധിക്കുകയാണ്. അപ്പോൾ അലങ്കോലപ്പെട്ടു കിടക്കുന്ന മുറികൾ ബാക്ഗ്രൗണ്ടിൽ പ്രത്യക്ഷപ്പെടുക പതിവാണ്. ഇതു മാറ്റാൻ എന്താണൊരു വഴി എന്ന് പലരും ചിന്തിക്കുന്നുണ്ടാവും. എന്നാൽ, വീഡിയോ കോളിംഗ് ആപ്പുകൾ തന്നെ ഇതിനുള്ള സൗകര്യം സോഫ്റ്റ്‌വെയറിലൂടെ ഒരുക്കിയിട്ടുണ്ടെന്നിരിക്കെ അത് അറിയാത്തവർ തുടർന്നു വായിക്കുക.



ഉപയോക്താക്കൾ ആദ്യമായി വെബ് പോർട്ടലിലേക്ക് സൈൻ-ഇൻ ചെയ്ത്, അക്കൗണ്ട് സെറ്റിംഗ്സ് എഡിറ്റു ചെയ്യാനുള്ള പെർമിഷനുള്ള അഡ്മിനിസ്ട്രേറ്റർ ആകണം. തുടർന്ന് അക്കൗണ്ട് സെറ്റിംഗ്സിൽ ക്ലിക്കു ചെയ്യുക. അവിടെ നിന്ന് മീറ്റിംഗ്സ് ടാബിലുള്ള വെർചൽ ബാക്ഗ്രൗണ്ട് ഓപ്ഷനിലെത്തി ഫീച്ചർ എനേബിൾ ചെയ്തു കിടക്കുകയാണോ എന്നു പരിശോധിക്കുക. അല്ലെങ്കിൽ സ്റ്റാറ്റസ് ടോഗിളിൽ ക്ലിക്കു ചെയ്ത് ടേൺ ഓൺ ഓപ്ഷൻ സ്വീകരിച്ച് അത് എനേബിൾ ചെയ്യുക. തന്നോടൊപ്പം വീഡിയോ കോളിലെത്തുന്ന മറ്റുള്ളവർക്കും ഇത് എനേബിൾ ചെയ്യാൻ ലോക് ഐക്കണിൽ ക്ലിക്കു ചെയ്തശേഷം ലോക് ഐക്കണിൽ തന്നെ വീണ്ടും ക്ലിക്കു ചെയ്ത് ഈ സെറ്റിംഗ്സ് കൺഫോം ചെയ്യുക.

## പെയ്ഡ് ഐസൊലേഷൻ!



എട്ടു മാസം ഐസൊലേഷനിൽ കഴിയാൻ ആഗ്രഹമുണ്ടോ? എങ്കിൽ നാസ ഇപ്പോൾ അപേക്ഷ ക്ഷണിക്കുന്നു! റഷ്യയുമായി ചേർന്നുള്ള നാസയുടെ പുതിയ ചാന്ദ്ര ദൗത്യത്തിന്റെ ഭാഗമായാണിത്. ഇംഗ്ലീഷ്, റഷ്യൻ ഭാഷകൾ കൈകാര്യം ചെയ്യാനറിയുന്ന, എം.എസ്, പി.എച്ച്.ഡി, എം.ഡി യോഗ്യതയുള്ളവർക്കാണ് അവസരം. പ്രതിഫലവും നൽകും! ഒറ്റപ്പെട്ട് കഴിയുമ്പോൾ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ മാറ്റങ്ങളെക്കുറിച്ച് പഠിക്കുകയാണ് പരീക്ഷണത്തിന്റെ പ്രധാനലക്ഷ്യം!

## ആകാശ സദ്യ!



ഈ ചിത്രം കണ്ട് പേടി തോന്നുന്നുണ്ടോ? ന്യൂയോർക്ക് നഗരത്തിനു നടുവിൽ 260 മീറ്റർ ഉയരത്തിലുള്ള ലോഹക്കഷണത്തിനു മുകളിലിരുന്നാണ് ഇവർ ഭക്ഷണം കഴിക്കുന്നത്! ന്യൂയോർക്കിലെ ആർ.സി.എ.ബിൽഡിങ്ങ് എന്ന കൂറ്റൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനിടെ 1932-ലാണ് 'ലഞ്ച് എടോപ് എ സ്കൈ സ്ക്രേപ്പർ' (Lunch atop a Skyscraper) എന്ന ലോകപ്രശസ്തമായ ഈ ചിത്രമെടുത്തത്. കെട്ടിടത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായിരുന്നു തൊഴിലാളികളുടെ ഈ ആകാശ സദ്യ!


### അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

✆ 9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.150 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# വാങ്ങിച്ചാൽ പോരാ കൊടുക്കണം



“**വാ**ങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു പറഞ്ഞ വാക്ക് ഓർത്തുകൊൾവിൻ” (അ.പ്ര.20:35).

ഈ ആശയം വരുന്ന വാചകങ്ങൾ വചനത്തിൽ ആവർത്തിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ: ലൂക്കോ.6:38) ‘വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം’ എന്നു കൃത്യമായി യേശു പറഞ്ഞതായി സുവിശേഷങ്ങളിൽ ഒരിടത്തുപോലും രേഖപ്പെടുത്തിയിട്ടില്ല. പിന്നെ പൗലോസിന് ഈ വചനം എവിടെനിന്നു കിട്ടി? യേശുവിന്റെ വചനങ്ങൾ വാമൊഴിയായി ശിഷ്യരിലൂടെ പകർന്നുകിട്ടിയതിൽ നിന്നാകാം പൗലൊസിന് ഇതു ലഭിച്ചത്.

യേശുവിന്റെ ഈ നിർദ്ദേശം ആദാമ്യ സന്തതികളുടെ സ്വാഭാവിക പ്രകൃതത്തോടു യോജിച്ചുപോകുന്ന ഒന്നല്ല. കിട്ടുന്നതാണ് അവർക്കു താൽപര്യം; പക്ഷേ, കൊടുക്കുവാൻ യേശു പറഞ്ഞു. ഇതിൽ നിന്ന് ഒരു പടികൂടെ കടന്ന് കൊടുക്കുന്നത് സന്തോഷത്തോടെ വേണമെന്നും തുടർന്നു ദൈവവചനം ആവശ്യപ്പെടുന്നു – ‘സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു’ (2 കൊരി. 9:7). പണം മാത്രമല്ല, നമ്മുടെ കഴിവുകൾ, സമയം, ജീവിതം – എന്തും ദൈവത്തിനു കൊടുക്കുന്നതു സന്തോഷത്തോടെയായിരിക്കണം.



എങ്ങനെയാണ് നമുക്കിന്നു സന്തോഷത്തോടെ കൊടുക്കുവാൻ കഴിയുന്നത്? അതിന് ഒരു വഴിയേ ഉള്ളൂ. ആർക്കു കൊടുക്കുന്നുവോ, ആ ആളിനോടു നമുക്ക് സ്നേഹമുണ്ടായിരിക്കണം. നമുക്കു സ്നേഹമുള്ള ആളിനു സന്തോഷത്തോടെ കൊടുക്കുവാൻ നമുക്കു പ്രയാസമുണ്ടാവുകയില്ല. ഉദാഹരണത്തിന് ഭർത്താവ് പറഞ്ഞതനുസരിച്ച് ഭാര്യ ഒരു അപരിചിതനു ഭക്ഷണം കൊടുക്കുന്നതും സ്കൂളു വിട്ടുവരുന്ന തന്റെ മകനു ഭക്ഷണം കൊടുക്കുന്നതും ശ്രദ്ധിക്കുക. ആദ്യത്തേത് അവളെ സംബന്ധിച്ചിടത്തോളം ഒരു കടമ നിർവഹിക്കൽ മാത്രമാണ്. രണ്ടാമത്തേതാകട്ടെ അങ്ങേയറ്റം സന്തോഷകരവും. കാരണം, മകനോട് അമ്മയ്ക്ക് സ്നേഹമുണ്ട്. സ്നേഹമുള്ളതുകൊണ്ട് മകനുവേണ്ടി എത്ര കഷ്ടപ്പെടാനും മടിയില്ല. കഷ്ടപ്പെടുന്നതിൽ പരാതിയുമില്ല.

പരാതികൾ, പിറുപിറുപ്പുകൾ–കാലപ്പഴക്കംകൊണ്ടു തുരുമ്പിച്ചുപോയ ചില ഇരുമ്പു ഗേറ്റുകൾ ബലമായി തുറക്കുമ്പോൾ ഉയരുന്ന ‘കിരുകിരാ’ ശബ്ദം പോലെയാണവ. എന്നാൽ ആവശ്യത്തിന് എണ്ണയിട്ടാൽ പിന്നെ തുറക്കുമ്പോൾ അവ ശബ്ദിക്കുകയില്ല. മലയാളത്തിൽ ‘സ്നേഹ’ത്തിന് എണ്ണയെന്നും അർത്ഥമുണ്ട്. വ്യക്തിബന്ധങ്ങൾക്കിടയിലും സ്നേഹത്തിന്റെ എണ്ണ ആവശ്യത്തിനുണ്ടെങ്കിൽ പരാതിയും പിറുപിറുപ്പും കൂടാതെ സന്തോഷത്തോടെ കൊടുക്കുവാൻ കഴിയും.

‘സന്തോഷത്തോടെ ദൈവത്തിനു കൊടുക്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നതെ’ന്ന പുതിയ ഉടമ്പടിയുടെ പ്രമാണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ പരാതിയില്ലാതെ സന്തോഷത്തോടെ കൊടുക്കണമെങ്കിൽ അവിടെ സ്നേഹം ഉണ്ടായിരിക്കണം എന്ന സത്യത്തിലേക്കാണ് നാം എത്തിച്ചേരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2 കൊരിന്ത്യർ 9:7–ാം വാക്യത്തെ നമുക്ക് ഇങ്ങനെ പരിവർത്തനം ചെയ്യാം. –‘സ്നേഹത്തോടെ ദൈവത്തിനു കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.’ നോക്കുക: നമുക്കു ദൈവത്തോടുള്ള സ്നേഹവും ദൈവത്തിനു നമ്മോടുള്ള സ്നേഹവും പരസ്പര പൂരകമാണ്. രണ്ടു സ്നേഹങ്ങളും സന്ധിക്കുമ്പോൾ തികഞ്ഞ സ്നേഹമായി.

സ്നേഹം – അതാണ് കാര്യങ്ങളെ വ്യത്യസ്തമാക്കുന്നത്. ദൈവത്തോടുള്ള സ്നേഹത്തിന്റെ കുറവ് നമ്മെ പരീശന്മാരാക്കും. പരീശൻ സ്നേഹം കൂടാതെ എല്ലാം ഒരു ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യുന്നവനായതുകൊണ്ട് ദൈവത്തിന്റെ സ്നേഹത്തിൽ അവൻ പൂർണ്ണ സ്വസ്ഥത കണ്ടെത്തിയിട്ടില്ല.

ദൈവത്തോടുള്ള തികഞ്ഞ സ്നേഹം ഒരുവനെ ദൈവത്തിന്റെ മുൻപിൽ മാത്രമുള്ള ഒരു ജീവിതത്തിലേക്കു നയിക്കും. മനുഷ്യരുടെ മുൻപാകെയുള്ള ഒരു ജീവിതത്തിൽ നിന്ന് അവൻ വിരമിക്കും. ‘എന്റെ ദൈവത്തിന് എന്നെ അറിയാം, അവിടുന്ന് എന്നിൽ സംപ്രീതനാണ്, ഞാൻ ദൈവത്തെ സ്നേഹിച്ചു ചെയ്യുന്ന കാര്യങ്ങൾ അവിടുന്ന് അറിയുന്നു, അവിടുന്നു പ്രതിഫലം എനിക്കു തന്നുകൊള്ളും’–ഇതാണു ദൈവത്തിൽ പൂർണ്ണസ്വസ്ഥതയും സുരക്ഷിതത്വബോധവും ഉള്ള ഒരുവന്റെ നിലപാട്. മനുഷ്യരുടെ അംഗീകാരമോ അഭിനന്ദനമോ വേണ്ടെന്നു വയ്ക്കുന്ന ഒരു ജീവിതം ലോകത്തിന്റെ മുൻപാകെ ഒന്നും അവശേഷിപ്പിക്കാത്ത ഒരു ബലിയർപ്പണംപോലെയാണ്. ഒരു യാഗത്തിൽ യാഗവസ്തു ഖണ്ഡം ഖണ്ഡമായി മുറിക്കുന്നു. തുടർന്ന് അതിനെ പൂർണമായി ദഹിപ്പിക്കുന്നു. ഒടുവിൽ മനുഷ്യരുടെ മുൻപാകെ ഒന്നും അവശേഷിക്കുന്നില്ല. ചെലവിടുകയും സ്വയം ചെലവായിപ്പോകുകയും ചെയ്യുന്ന, ബലിയർപ്പണം പോലെയുള്ള ഒരു ജീവിതം. അത്തരം ഒരു ജീവിതത്തെക്കുറിച്ചാണ്, ‘സ്നേഹം മരണംപോലെ ബലം ഉള്ളത് എന്നു പറഞ്ഞിരിക്കുന്നത്.’ (ഉത്തമഗീതം 8:6) ആർക്കുവേണ്ടി ബലിയാകുന്നുവോ ആ ആളിനോടുള്ള വലിയ സ്നേഹത്തിലോ, ആ സ്നേഹത്തിലുള്ള പൂർണ്ണ സ്വസ്ഥതയിലോ മാത്രമേ അത് സാധ്യമാകുകയുള്ളു.


എഫെസ്യർ 5:2 കാണുക: ‘ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.



# മുറിവുകളിൽ മറഞ്ഞിരിക്കുന്ന ദൈവവഴികൾ



**ജ**നിച്ചവീഴുന്ന നിമിഷം മുതൽ എല്ലാ മനുഷ്യരിലും മുറിവേറ്റ അനുഭവങ്ങളുണ്ട്. അമ്മയുടെ ഉദരത്തിൽ നിന്നു ഭൂമിയിലേക്കു പിറന്നുവീഴുമ്പോൾ ഒരു നൊമ്പരമുണ്ട്. അപ്രതീക്ഷിതമായ കാലാവസ്ഥയിൽ ഒരു മനുഷ്യശിശു അനുഭവിക്കുന്ന നൊമ്പരമുണ്ട്. മനുഷ്യരുടെ വാക്കുകളും പ്രതീക്ഷിക്കാത്ത പ്രതികരണങ്ങളുമെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന വേദനകളുമുണ്ട്. ഇതിന്റെയെല്ലാമിടയിലൂടെ നാം വളരണം. ഒരുപിടി മരങ്ങൾക്കിടയിലൂടെ ഒരു കവുങ്ങിൻതടി വളരും. ഒരു തെങ്ങാണെങ്കിൽ വളഞ്ഞുപുളഞ്ഞ് വളരും. തകർച്ചകൾക്കിടയിലും നമുക്ക് വളരാൻ കഴിയണം. വിശുദ്ധ വേദപുസ്തകത്തിൽ വേദനകൾക്കിടയിലൂടെ അനുഗ്രഹമായി വളർന്ന ഇസഹാക്കിനെ നാം കാണുന്നുണ്ട്. അബ്രഹാം എന്ന പൂർവ്വപിതാവിനും യാക്കോബ് എന്ന പൂർവ്വപിതാവിനുമിടയിൽ അധികം ശ്രദ്ധിക്കപ്പെടാതെ പോകുന്ന വ്യക്തിയാണ് ഇസഹാക്ക്. ഈ പേരിന്റെ അർത്ഥംതന്നെ ചിരിയെന്നാണ്. അബ്രഹാമിന്റെയും സാറായുടെയും ജീവിതത്തിൽ വിരിഞ്ഞ ചിരിയായിരുന്നു ഇസഹാക്ക്.



ചിരിയെന്ന് അർത്ഥം വരുന്ന ഇസഹാക്കിന്റെ ജീവിതത്തിൽ ഒത്തിരി ദുഃഖത്തിന്റെയും കണ്ണുനീരിന്റെയും ചരിത്രമുണ്ടായിരുന്നു. ആദ്യമായി ഇസഹാക്കിനെ കളിയാക്കുന്ന ഇസ്മായേലിനെയാണ് നാം കാണുന്നത്. അപരനാൽ അവഹേളിതനായിത്തീരുന്ന ഇസഹാക്കിന് ആന്തരീകമായി മുറിവേൽക്കുന്നു. ഒറ്റയ്ക്കിരുന്നു കരയുന്ന ഇസഹാക്കിന്റെ ചിത്രമാണ് ഇവിടെ നാം കാണുന്നത്. ആ കരച്ചിൽ ദൈവം കണ്ടു.  ആ കണ്ണുനീര് അവനെ ശക്തിപ്പെടുത്തി. ആത്മാവിന്റെ കരുത്തോടെ മുന്നേറുവാൻ ആ കരച്ചിൽ ഇസഹാക്കിനെ ബലപ്പെടുത്തി. എന്റെ ഓരോ തുള്ളി കണ്ണുനീരും കാണുന്ന ഒരു ദൈവമുണ്ടെന്ന് ഞാനോർക്കണം. ദൈവത്തിൽ ആശ്രയം വച്ചു കരയുന്നവരെ അവിടുന്ന് ഒരിക്കലും ഉപേക്ഷിക്കില്ല. ഇസഹാക്കിന്റെ ദൈവമെന്നു പറയുമ്പോൾ, പ്രതീക്ഷകൾ നശിക്കുമ്പോൾ കടന്നുവരുന്ന ദൈവമെന്നാണ് അർത്ഥം. അപ്പന്റെ കത്തിക്കും സ്വന്തം കഴുത്തിനുമിടയിൽ ഒരു ശ്വാസത്തിന്റെ ദൂരമനുഭവിച്ചവനാണ് ഇസഹാക്ക്. ആ പിരിമുറുക്കത്തിന്റെയും വേദനയുടെയും ഇടയിൽ ദൈവം കടന്നുവന്നു. ജനനം മുതൽ വളർച്ചയുടെ ഓരോ നിമിഷങ്ങളിലും ഇസഹാക്കിന്റെ നൊമ്പരം യഹോവ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

സാറായുടെ മരണമായിരുന്നു ഇസഹാക്കിന്റെ മറ്റൊരു ദുഃഖം. കടുത്ത ഏകാന്തതയിലേക്ക് ഈ മരണം ഇസഹാക്കിനെ എത്തിച്ചു. അമ്മയുടെ മരണത്തിൽ വാവിട്ട് നിലവിളിക്കുന്ന ഇസഹാക്കിനെ നാം കാണുന്നുണ്ട്. റബേക്കായെ ഭാര്യയായി ലഭിക്കുന്നതുവരെ കടുത്ത ഏകാന്തതയുടെ ദുഃഖം ഇസഹാക്ക് അനുഭവിച്ചു. ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ. ഏകാന്തതയുടെ പീഡനം ഇസഹാക്കിനെ ഉലച്ചു. വലിയ മാനസിക വ്യഥകളിലൂടെ കടന്നുപോയ ഇസഹാക്കിന്റെ ഏകാന്തതയുടെ ദുഃഖം ദൈവം കാണുന്നുണ്ടായിരുന്നു.

ഇസഹാക്കിന്റെ ദുഃഖത്തിന്റെ മറ്റൊരു കാരണം മകന്റെ വഞ്ചനയും മക്കളുടെ വഴക്കും, ഭാര്യയുടെ പക്ഷംചേരലുമൊക്കെയായിരുന്നു. ഇളയമകൻ യാക്കോബ് താൻ മൂത്തമകൻ ഏശാവാണെന്നു പറഞ്ഞു അന്ധനായ ഇസഹാക്കിനെ വഞ്ചിക്കുന്നു. അതു മനസ്സിലാക്കിയ ഇസഹാക്ക് ഹൃദയം പൊട്ടിക്കരഞ്ഞു. ഇത്രയും ദുഃഖത്തിലൂടെ കടന്നുപോയ ഇസഹാക്ക് സ്വന്തം ജീവിതത്തെ തലമുറകളുടെ അനുഗ്രഹമായി മാറ്റി. ഏതു തകർച്ചയിലും ദൈവത്തോടു ചേർന്നുനിൽക്കുന്നവരെ ദൈവം ഒരുനാൾ അനുഗ്രഹമാക്കിമാറ്റും.


ഇന്നലെകളിലെ കുറവുകളെക്കുറിച്ചു ദുഃഖിക്കാതെ ഇന്നിലെ നന്മകളെ കാണുക. എപ്പോഴും നന്മകളെക്കുറിച്ചു ചിന്തിക്കുക. ജീവിതാനുഭവങ്ങളെ സ്വന്തം കണ്ണിലൂടെ കാണാതെ ദൈവത്തിന്റെ കണ്ണിലൂടെ കാണുക. ഇങ്ങനെയുള്ളവർക്ക് ആനന്ദിക്കുവാൻ കഴിയും. ഇത്തരം ജീവിതങ്ങൾ അനുഗ്രഹമായി മാറും. ഇരുണ്ടും വെളുത്തും നമ്മുടെ ജീവിതം കടന്നുപോകും. ദുഃഖിച്ചും നിരാശനിറഞ്ഞും, പരിഭവം പറഞ്ഞും ജീവിക്കുവാൻ സമയമില്ല. ലഭിച്ച നിമിഷങ്ങളിൽ ദൈവത്തിൽ ആനന്ദം കണ്ടെത്തുക. ജീവിതമുറിവുകളിൽ മറഞ്ഞിരിക്കുന്ന ദൈവികവഴികളെ കണ്ടെത്തുക. അങ്ങനെ ജീവിതത്തെ അനുഗ്രഹമായി മാറ്റുക.



# ബാലവേദി

## ചങ്ങാതി നന്നായാൽ

**ഒ**രു കച്ചവടക്കാരന് കുറേ കഴുതകൾ ഉണ്ടായിരുന്നു. അയാൾ ഒരു കഴുതയെക്കൂടി വാങ്ങാൻ തീരുമാനിച്ചു. അങ്ങനെ ഒരു ദിവസം പുതിയ കഴുതയെ നോക്കി അയാൾ പട്ടണത്തിലുള്ള ചന്തയിലെത്തി. കൂട്ടത്തിൽ കണ്ടാൽ നല്ല മിടുക്കുള്ള ഒരു കഴുതയെ കച്ചവടക്കാരൻ തിരഞ്ഞെടുത്തു. എന്നിട്ട് പരിചയക്കാരനായ വില്പനക്കാരനോട് പറഞ്ഞു:



"ഇവനെ ഞാനൊന്നു വീട്ടിൽ കൊണ്ടുപോയി നോക്കട്ടെ. ജോലി ചെയ്യാനുള്ള അവന്റെ ശേഷി ഒന്നു പരിശോധിക്കണം. എന്നിട്ട് മൂന്നുനാല് ദിവസം കഴിഞ്ഞു കച്ചവടം ഉറപ്പിക്കാം."

കഴുത വില്പനക്കാരൻ ഒരു നല്ല മനുഷ്യനായിരുന്നു. അയാൾ കച്ചവടക്കാരന്റെ ആവശ്യം സമ്മതിച്ചു. അങ്ങനെ കച്ചവടക്കാരൻ ആ കഴുതയെ വീട്ടിൽ കൊണ്ടുപോയി അയാളുടെ മറ്റ് കഴുതകൾക്കൊപ്പം ആലയിൽ ആക്കി. പുതിയ കഴുത അധികം വൈകാതെ മറ്റൊരു കഴുതയുമായി ചങ്ങാത്തത്തിൽ ആയി. കൂട്ടത്തിൽ ഏറ്റവും കൂടുതൽ ഭക്ഷണം കഴിക്കുകയും എന്നാൽ ഏറ്റവും കുറച്ചു മാത്രം ജോലി ചെയ്യുകയും ചെയ്യുന്ന കഴുതയെയാണ് പുതിയ കഴുത ചങ്ങാതിയായി തിരഞ്ഞെടുത്തത്. ഇത് കച്ചവടക്കാരൻ കണ്ടു. അയാൾ അടുത്ത ദിവസം തന്നെ അങ്ങാടിയിൽ പോയി പുതിയ കഴുതയെ തിരികെ ഏല്പിച്ചു. എന്നിട്ട് ഇങ്ങനെ പറഞ്ഞു:

"ഇവന്റെ ഗുണമറിയാൻ ഒരു രാത്രി തന്നെ മതിയായിരുന്നു. ഇവൻ തിരഞ്ഞെടുത്ത ചങ്ങാതിയെ കണ്ടപ്പോൾ എനിക്ക് ഇവന്റെ സ്വഭാവഗുണം മനസ്സിലായി."

ഗുണപാഠം: സ്വഭാവം മനസിലാക്കാൻ കൂട്ടുകെട്ട് ശ്രദ്ധിച്ചാൽ മതി.

## ബ്രൂഹാഹ



'Brouhaha' എന്ന വാക്ക് കേട്ടിട്ടുണ്ടോ? 'ബ്രൂഹാഹാ' എന്നാണ് ഉച്ചാരണം. ഇതിന്റെ അർഥമെന്തെന്നോ? 'ഏതെങ്കിലും വിഷയത്തെക്കുറിച്ച് വളരെ ശബ്ദമുണ്ടാക്കി സംസാരിക്കുക.' ഉദാഹരണത്തിന് ഈ വാചകം നോക്കൂ, 'They created so much brouhaha over the election results' (തിരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് അവർ വളരെ അധികം ശബ്ദമുണ്ടാക്കി സംസാരിച്ചു). ഫ്രഞ്ച് ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്ക് വന്ന ഒരു വാക്കാണിത്.

'വളരെയധികം ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഒരു സാഹചര്യം' എന്ന അർഥമുള്ള വാക്കാണ് 'imbroglio'. ഇറ്റാലിയൻ ഭാഷയിൽ നിന്നാണ് ഈ വാക്ക് ഇംഗ്ലീഷിലേക്ക് വന്നത്.

'Hurry burry'(ഹറിബറി) എന്ന വാക്ക് ഇന്ന് ഇംഗ്ലീഷിൽ സാധാരണയായി ഉപയോഗിക്കുന്നതാണ്. വേണ്ടത്ര തയ്യാറെടുപ്പ് ഇല്ലാതെ തിരക്കിട്ട് നടത്തുന്ന പ്രവർത്തനങ്ങളെയാണ് 'hurry burry' എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്.

Conundrum (കനൻഡ്രം) എന്ന വാക്ക് പലരും കണ്ടിട്ടുണ്ടാകും. 'പെട്ടെന്ന് ഉത്തരം കണ്ടെത്താൻ പറ്റാത്ത, ആശയക്കുഴപ്പമുണ്ടാക്കുന്ന ഒരു പ്രശ്നം' എന്നാണർഥം.




## ക്രിയേറ്റീവ് ആനിമേറ്റർ



ടോം ആൻഡ് ജെറി എന്ന കാർട്ടൂൺ ആശയത്തിന്റെ സൃഷ്ടാക്കൾ വില്യം ഹന്നയും ജോസഫ് ബാർബറയും ആണ്. പോപ്പായ്യുടെ ക്രിയേറ്റർ ഇ. സി. സെഗാറും. എന്നാൽ ഇവയൊന്നും ഇന്ന് കാണുന്ന രൂപത്തിൽ ആയിരുന്നില്ല തുടക്കത്തിൽ.

1960–ൽ ആണ് യൂജിൻ മെറിൽ ഡീച്ച്, ടോം ആൻഡ് ജെറി കാർട്ടൂണുകളുടെ ആനിമേറ്റർ ആകുന്നത്. കുട്ടികൾ ഏറ്റവും കൂടുതൽ കണ്ടിരുന്ന ടോം ആൻഡ് ജെറി സീരിസിൽ പല മികച്ച പരിഷ്ക്കാരങ്ങളും ഭാവനകളും ഡീച്ച് ഉപയോഗിച്ചിരുന്നു. ടോം ആൻഡ് ജെറിയുടെ സ്വീകാര്യത വർധിക്കാനും വൻ തോതിൽ ലാഭം നേടാനും ഇത് കാരണമായി.



ആ കാലത്തെ മികച്ച ക്രിയേറ്റീവ് ആനിമേറ്റർ ആയിരുന്നു ഡീച്ച്. പോപ്പായ്, ടോം ആൻഡ് ജെറി കാർട്ടൂണുകളെ അദ്ദേഹം തന്റെ ആവിഷ്കാരത്തിലൂടെ ജനപ്രിയമാക്കി. അതിനാൽ ആവാം "തങ്ങളുടെ കുട്ടിക്കാലം മനോഹരമാക്കിയ ടോം ആൻഡ് ജെറി സീരീസിന്റെ അമരക്കാരൻ ഡീച്ചിന് വിട" എന്നു പലരും സോഷ്യൽ മീഡിയയിൽ കുറിച്ചത്.

വില്യം ഹന്നയും ജോസഫ് ബാർബറയും സങ്കല്പിച്ചതിനു മേലെ ടോം ആൻഡ് ജെറിയെ എത്തിക്കാൻ ഡീച്ച് എന്ന പ്രതിഭക്കു കഴിഞ്ഞു എന്ന് നിസംശയം പറയാം.

## ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ചതിക്കുഴികൾ



**കൊ**റോണ വൈറസ് വിദ്യാഭ്യാസ രംഗത്ത് ഒട്ടും പ്രതീക്ഷിക്കാത്ത മാറ്റങ്ങൾ കൊണ്ടുവരികയാണ്. സ്കൂൾ തുറക്കാതെ വിദ്യാർത്ഥികളും അധ്യാപകരും സ്കൂളിലെത്താതെയുള്ള പുതിയ അധ്യയന വർഷം. ഓൺലൈൻ പഠനമെന്ന, കേരളീയ സമൂഹത്തിന് ഒട്ടുംതന്നെ പരിചയമില്ലാത്ത പുതിയ ബോധന രീതിയുടെ പരീക്ഷണം. എല്ലാ വിഷയങ്ങളും ഓൺലൈൻ രീതിയിൽ പഠിപ്പിക്കുക പ്രായോജകമോ ഗുണപ്രദമോ അല്ലെങ്കിലും മറ്റൊരു ബദൽ മാർഗ്ഗം നിലവിലില്ലെന്നതാണ് സത്യം. അതുകൊണ്ടു തന്നെ ഈ സാഹചര്യത്തിൽ ചില കാര്യങ്ങൾ സർക്കാരും മാതാപിതാക്കളും അധ്യാപകരും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികളാകട്ടെ ഇതൊരു അവസരമാക്കുകയാണ്. മുന്തിയ ഫോണും ലാപ്ടോപ്പുമൊക്കെ ഇല്ലാതെ ഇനിയങ്ങോട്ടു പഠിക്കാനാവില്ല എന്നുവരെ മാതാപിതാക്കളെ തെറ്റിദ്ധരിപ്പിച്ച് വില കൂടിയ ഉപകരണങ്ങൾ വാങ്ങാൻ വീട്ടിൽ ശല്യം ചെയ്യുന്ന കുട്ടികളും കുറവല്ല.

ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ മറവിൽ പല രക്ഷിതാക്കളും വഞ്ചിക്കപ്പെടുകയാണെന്നതാണ് സത്യം. പഠനത്തിനായി വാങ്ങുന്ന ഫോണുകൾക്കെന്തിനാണ് ഇത്രമാത്രം ആപ്ലിക്കേഷനുകളും സ്റ്റോറേജ് കപ്പാസിറ്റിയും ക്യാമറ ഉൾപ്പെടെയുള്ള സൗകര്യങ്ങളും. വെളുക്കാൻ തേച്ചത് പാണ്ടാകുന്ന അവസ്ഥ. പഠനമെന്ന പേരിൽ കുട്ടിയുണ്ടാക്കാൻ പോകുന്ന പൊല്ലാപ്പുകളോ അപകടങ്ങളോ മുൻകൂട്ടി കാണാനാവില്ല. (തുടരും)

## തീയും വെള്ളവും



**വെ**ള്ളമൊഴിച്ചാൽ തീ അണയുന്നതെന്തുകൊണ്ടാണ്? കത്തുന്ന വസ്തു തൊടുമ്പോഴേക്കും വെള്ളം നീരാവിയായി മാറുന്നു. ഇതിനുവേണ്ടി കുറേ ചൂട് കത്തുന്ന വസ്തുവിൽ നിന്നും വെള്ളം സ്വീകരിക്കും. വെള്ളം തിളയ്ക്കാനെടുക്കുന്നതിന്റെ അഞ്ചിരട്ടിയോളം ചൂട് തിളച്ച വെള്ളത്തെ ആവിയാക്കാൻ ആവശ്യമുണ്ട്. ഇങ്ങനെയുണ്ടാവുന്ന നീരാവി പെട്ടെന്ന് വ്യാപിച്ച് കത്തുന്ന വസ്തുവിനെ പൊതിയുന്നു. വായുവിനെ അകറ്റിനിർത്തുന്നു. അങ്ങനെ വായുവില്ലാതെ തീ അണഞ്ഞു പോകുന്നു.



## ജീവസന്ദേശം

**ടി.എം. വർഗ്ഗീസ് ഓതറ**



# മതഭക്തിയും ആത്മീയതയും

**ഒ**രു വിശുദ്ധ ജീവിതത്തിനു വേണ്ടിയുള്ള പ്രയാണത്തിനിടയിൽ ക്രിസ്ത്യാനിയെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിപത്തുകളിലൊന്ന് ആത്മീയതയ്ക്കു പകരം മതഭക്തിയിൽ ചെന്നവസാനിക്കാനുള്ള സാധ്യതയാണ്. വിവേചനശക്തിയില്ലാത്ത വിശ്വാസി പലപ്പോഴും മതഭക്തിയെ ആത്മീയതയായി തെറ്റിദ്ധരിക്കുന്നു. എന്നാൽ ഇവ തമ്മിൽ അതിവിപുലമായ അന്തരമുണ്ട്. മതഭക്തി മാനുഷികമെങ്കിൽ ആത്മീയത ദൈവികമാണ്. ന്യായപ്രമാണത്തിന് മനുഷ്യരെ മതഭക്തരാക്കുവാനേ കഴിവുണ്ടായുള്ളു; ആത്മീയരാക്കുവാൻ അതിനു കഴിവില്ല. മതഭക്തി പുറമേയുള്ള ദൃശ്യമായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു; ആത്മീയതയാകട്ടെ പ്രാഥമികമായി ഹൃദയാവസ്ഥയെ സംബന്ധിക്കുന്നതത്രേ.

അന്ത്യകാലത്ത് ഭക്തിയുടെ വേഷം മാത്രം ധരിച്ച് അതിന്റെ ശക്തി നഷ്ടപ്പെട്ട ധാരാളമാളുകൾ ഉണ്ടാവുമെന്ന് ദൈവവചനം നമുക്കു താക്കീത് നൽകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഈ ഘട്ടത്തിൽ ആളുകൾ മതഭക്തരായിരിക്കും, ആത്മീയരായിരിക്കില്ല എന്നർത്ഥം (2 തിമോ.3:5). അവർ പതിവായി സഭായോഗങ്ങളിൽ സംബന്ധിക്കും, ദിനംതോറും പ്രാർത്ഥിക്കയും ദശാംശം നൽകുകയുമെല്ലാം ചെയ്യും. എന്നാലും അവർ മനുഷ്യരുടെ മാനമന്വേഷിക്കും, തങ്ങൾക്കുവേണ്ടിത്തന്നെ ജീവിക്കും, പണത്തെ സ്നേഹിക്കും, വ്യർത്ഥസംസാരത്തിൽ താല്പര്യം കാണിക്കും. ഇത്തരക്കാർ മതഭക്തരാണ്, ആത്മീയരല്ല. അവർക്ക് ഭക്തിയുടെ വേഷമുണ്ട്, ശക്തിയില്ല.

യൂദാ തന്റെ ലേഖനത്തിൽ ആത്മീയരല്ലാതെ കേവലം മതഭക്തരായി ജീവിച്ചിരുന്ന മൂന്നുപേരെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. കയീൻ, ബിലെയാം, കോരെഹ് എന്നിവരാണീ മൂന്നുപേർ (യൂദാ.11) ഇവരിൽ ഓരോരുത്തരെയുംപറ്റി നമുക്ക് ചുരുക്കമായി ചിന്തിക്കാം.

കയീൻ: കയീൻ ദൈവമില്ലാത്ത ഒരു മനുഷ്യൻ ആയിരുന്നില്ല; നേരെമറിച്ച് ദൈവത്തിനു യാഗമർപ്പിക്കുന്നതിൽ വിശ്വസിച്ചിരുന്ന മതഭക്തിയുള്ളവനായിരുന്നു (ഉല്പ.4:3). ഹാബേലും ദൈവത്തിന് യാഗമർപ്പിച്ചു. എന്നാൽ ഈ രണ്ടു യാഗങ്ങളും തമ്മിൽ, സ്വർഗ്ഗനരകങ്ങൾ തമ്മിലുള്ള വ്യത്യാസം-മതഭക്തിയും ആത്മീയതയും തമ്മിലുള്ള വ്യത്യാസംതന്നെ ആയിരുന്നു. പണം, സേവനം, സമയം എന്നിങ്ങനെയുള്ള ബാഹ്യ വസ്തുക്കൾ ദൈവത്തിന് അർപ്പിക്കുന്നവരുടെ ഒരു പ്രതിനിധിയാണ് കയീൻ. എന്നാൽ ഹാബേലാകട്ടെ, ഒരാട്ടിൻകുട്ടിയെ കൊന്ന് യാഗപീഠത്തിന്മേൽ അർപ്പിച്ചപ്പോൾ, പ്രതീകരൂപേണ തന്നെത്തന്നെ യാഗപീഠത്തിന്മേൽ വയ്ക്കുകയാണ് ചെയ്തത്.

മതഭക്തന്മാർക്ക് ദാനങ്ങൾ നൽകുവാനും പ്രാർത്ഥിപ്പാനും മറ്റു പല കാര്യങ്ങൾ ചെയ്യാനും കഴിയും; എങ്കിലും തങ്ങളെത്തന്നെ അർപ്പിക്കുക എന്തെന്ന് അവർ അറിയുന്നില്ല. അവർ കൃത്യമായി ദശാംശം കൊടുക്കും; എന്നാൽ പരീക്ഷയുടെ സന്ദർഭത്തിൽ അവർ തങ്ങളുടെ സ്വയത്തെ മരണത്തിന് ഏല്പിക്കുന്നില്ല. സ്വയം മരിക്കാതെ പുതിയ ഉടമ്പടിയിൽ പ്രവേശിപ്പാൻ സാധ്യമല്ല.

ബിലെയാം: ഇതാ മറ്റൊരു മതഭക്തനായ മനുഷ്യൻ! ദൈവത്തെ സേവിപ്പാനാഗ്രഹിച്ച ഒരു പ്രവാചകനെങ്കിലും ഇയാൾ പണം നേടുവാനും ലൗകികമായ വലിയ ആളുകളുമായി സന്ധിക്കുവാനും ആഗ്രഹിച്ചിരുന്നു (സംഖ്യാ 22). ഇന്ന് ബിലെയാമിനെപ്പോലെയുള്ള അനേകം കള്ളപ്രവാചകന്മാരുണ്ട്. എന്നാൽ ബിലെയാമിന്റെ ആത്മാവാണ് ഇവർക്കുള്ളതെന്ന് ഇന്നത്തെ വിവേചനശൂന്യരായ വിശ്വാസികൾക്കു ഗ്രഹിപ്പാൻ സാധിക്കുന്നില്ല. ഫിലി.2:21; വെളി.2:14 എന്നീ വാക്യങ്ങൾ ഇത്തരക്കാരുടെ നിഷിദ്ധതയെ ചൂണ്ടിക്കാണിക്കുന്നു. ദ്രവ്യാഗ്രഹവും ലോകത്തിന്റെ ബഹുമാനം ലഭിക്കുവാനുള്ള മോഹവും ആത്മീയതയുമായി ചേർന്നുപോകില്ല. ബിലെയാമിലുണ്ടായിരുന്നത് ആത്മീയതയ്ക്കു വിരുദ്ധമായ സ്വഭാവങ്ങൾ തന്നെയായിരുന്നു.

കോരഹ്: മറ്റൊരു മതഭക്തൻ! പുരോഹിത കുടുംബമായ ലേവി ഗോത്രത്തിൽ ജനിച്ചവനായിരുന്നു കോരഹ് (സംഖ്യാ 16). എന്നാൽ ദൈവം തനിക്കു നൽകിയിരുന്ന ശുശ്രൂഷയിൽ അസംതൃപ്തനായിരുന്നു അയാൾ. മോശയുടേതുപോലെ കൂടുതൽ ഉയർന്ന സ്ഥാനം ലഭിക്കുവാൻ അയാൾ ആഗ്രഹിച്ചു. മതപരമായ ഒരു ആവരണമണിഞ്ഞ ഈ ദുർമോഹം അന്തിമമായി അയാളുടെ നാശത്തിനു വഴിതെളിച്ചു. അയാളും മത്സരത്തിൽ അയാളുടെ സഹപ്രവർത്തകരായിരുന്ന ദാഥാൻ, അബീരാം എന്നിവരും അവരുടെ കുടുംബാംഗങ്ങളുമാണ് ജീവനോടെ നരകത്തിലേക്കു പ്രവേശിച്ചവരായി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏകസമൂഹം (സംഖ്യാ 16:32, 33). ദൈവജനത്തിനു നേതൃത്വം നൽകുവാൻ ദൈവം നിയമിച്ച ആത്മീയാധികാരികളോടുള്ള മത്സരത്തെ ഭയാനകമായ ഒരു പാപമായിട്ടാണ് ദൈവം പരിഗണിക്കുന്നത്.


മതഭക്തിയെയും ആത്മീയയെയും തമ്മിൽ വിവേചിച്ചറിയുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ നമുക്ക് ഒരിക്കലും ആത്മീയരായിത്തീരുവാൻ സാധ്യമല്ല. അന്ത്യകാലത്ത് മനുഷ്യർ ഭക്തിയുടെ വേഷം മാത്രം ധരിച്ച് അതിന്റെ ശക്തി ത്യജിച്ചവരായിത്തീരുമെന്നുള്ള വചനത്തിന്റെ വെളിച്ചത്തിൽ ഈ വിവേചനം നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ ഒരു അടിയന്തിരാവശ്യമത്രേ.



# ദൈവത്തിന്റെ പ്രകൃതം

**ബൈബിൾ** ഇപ്രകാരം പറയുന്നു: "ദൈവം ആത്മാവ് ആകുന്നു; അവിടുത്തെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം." ഈ പ്രസ്താവന ദൈവത്തിന്റെ പ്രകൃതം സംബന്ധിച്ച് ഒരു അടിസ്ഥാന സത്യം വെളിപ്പെടുത്തുന്നു. ദൈവം ആത്മാവാണ് (യോഹന്നാൻ 4:19-24) എന്നിട്ടും ബൈബിളിൽ ദൈവത്തെ ഒരു വ്യക്തിയായി ചിത്രീകരിച്ചിരിക്കുന്നു. യഹോവ എന്നാണ് ദൈവത്തിന്റെ പേര് - സങ്കീർത്തനം 83:18.

വേദപുസ്തകം വായിക്കുന്ന ചിലർ ദൈവത്തിന്റെ പ്രകൃതം സംബന്ധിച്ച് ആശയക്കുഴപ്പമുള്ളതായി പറഞ്ഞിട്ടുണ്ട്. ദൈവം അദൃശ്യ ആത്മാവാണെങ്കിൽപ്പിന്നെ, ബൈബിളിൽ പലയിടത്തും അവന് കണ്ണും ചെവിയും മൂക്കും ഹൃദയവും കൈയ്യും വിരലും കാലും ഉണ്ടെന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്? മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ബൈബിൾ പറയുന്നതിനാൽ ദൈവത്തിന് മനുഷ്യരൂപമാണുള്ളതെന്ന് ചിലർ അഭിപ്രായപ്പെട്ടേക്കാം. എന്നാൽ ഈ ആശയക്കുഴപ്പം മാറാൻ ദൈവവചനം പറയുന്നത് ഒന്ന് പരിശോധിച്ചാൽ മതിയാകും (ഉല്പത്തി 1:26).



ദൈവത്തിന്റെ പ്രകൃതം മനസ്സിലാക്കാൻ മനുഷ്യരെ സഹായിക്കുന്നതിന്, സർവശക്തന് മനുഷ്യന്റെ സവിശേഷതകൾ ആരോപിക്കാൻ ബൈബിൾ എഴുത്തുകാർ നിശ്വസ്തരാക്കപ്പെട്ടു. ഇത്തരം ആലങ്കാരിക പ്രയോഗങ്ങളെ നരാകാരകൽപ്പനം (anthropomorphism) എന്നാണ് പണ്ഡിതന്മാർ വിളിക്കുന്നത്. മനുഷ്യരൂപമോ മനുഷ്യന്റെ സവിശേഷതകളോ ഉണ്ടെങ്കിലെന്നപോലെ വർണ്ണിക്കുന്നതിനെയാണ് ഇങ്ങനെ പറയുന്നത്. സത്യദൈവത്തെ വർണിക്കാൻ മനുഷ്യന്റെ ഭാഷ പര്യാപ്തമല്ല എന്നാണ് ഈ പ്രയോഗങ്ങൾ കാണിക്കുന്നത്. ദൈവത്തിന്റെ രൂപം, വ്യക്തിത്വം എന്നിവയുടെ സാരം മനുഷ്യനു മനസ്സിലാകുന്നവിധത്തിൽ അവതരിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ദൈവത്തെ "പാറ", "സൂര്യൻ", "പരിച" എന്നിങ്ങനെ വർണ്ണിക്കുന്ന ബൈബിൾ പ്രയോഗങ്ങളെ നാം അക്ഷരാർഥത്തിൽ എടുക്കാത്തതുപോലെതന്നെ ഈ പ്രയോഗങ്ങളും നാം അക്ഷരാർത്ഥത്തിൽ മനസ്സിലാക്കേണ്ടതില്ല (ആവർത്തനപുസ്തകം 32:4; സങ്കീർത്തനം 84:11).

ദൈവം പൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന ഗുണങ്ങൾ പരിമിതമായ തോതിൽ മനുഷ്യനു പ്രതിഫലിപ്പിക്കാൻ കഴിയും എന്ന ആശയം ദ്യോതിപ്പിക്കാനാണ് മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ബൈബിൾ പറയുന്നത്. ഇതിന്റെയർത്ഥം മനുഷ്യർ ആത്മാക്കളാണെന്നോ ദൈവത്തിന് മനുഷ്യരൂപമാണെന്നോ അല്ല.


ദൈവത്തിൽ മനുഷ്യസവിശേഷതകൾ ആരോപിക്കുമ്പോൾ അത് അക്ഷരാർത്ഥത്തിൽ മനസ്സിലാക്കേണ്ടതില്ലെന്നു പറഞ്ഞല്ലോ; ദൈവത്തെ വർണ്ണിക്കാൻ ഉപയോഗിച്ചിരിക്കുന്ന പുല്ലിംഗപ്രയോഗങ്ങളും അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. ഭൗമജീവികളോടുള്ള ബന്ധത്തിൽ മാത്രമാണ് സ്ത്രീലിംഗ-പുല്ലിംഗ വ്യത്യാസങ്ങൾ കൽപ്പിക്കാറുള്ളത്. സർവശക്തനായ ദൈവത്തിന്റെ പ്രകൃതം പൂർണമായും വരച്ചുകാണിക്കാൻ മനുഷ്യന്റെ ഭാഷ അപര്യാപ്തമാണെന്നാണ് ഇതും കാണിക്കുന്നത്.

ബൈബിൾ ദൈവത്തെ 'പിതാവ്' എന്നു വർണ്ണിച്ചിരിക്കുന്നത്, സ്നേഹിക്കുകയും സംരക്ഷിക്കുകയും മക്കൾക്കായി കരുതുകയും ചെയ്യുന്ന ഒരു മാനുഷപിതാവിനെപ്പോലെയാണ് നമ്മുടെ സ്രഷ്ടാവ് എന്ന വസ്തുത മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു (മത്തായി 6:9). നാം ദൈവത്തെയോ സ്വർഗത്തിലെ മറ്റ് ആത്മവ്യക്തികളെയോ ആണോ പെണ്ണോ ആയി കരുതണമെന്ന് ഇത് അർത്ഥമാക്കുന്നില്ല. അവർക്കിടയിൽ ലിംഗവ്യത്യാസങ്ങളില്ല. സ്വർഗരാജ്യത്തിൽ യേശുക്രിസ്തുവിന്റെ കൂട്ടവകാശികളാകാൻ വിളിക്കപ്പെടുന്നവർ ദൈവത്തിന്റെ ആത്മപുത്രന്മാരായി മഹത്വീകരിക്കപ്പെടുമ്പോൾ അവർക്ക് ലിംഗവ്യത്യാസം ഉണ്ടായിരിക്കില്ല. മഹത്വീകരിക്കപ്പെടുമ്പോൾ അവർക്കിടയിൽ "ആണും പെണ്ണും എന്നുമില്ല" എന്ന് പൗലോസ് അപ്പോസ്തലൻ അവരെ ഓർമിപ്പിച്ചു. അവരെ കുഞ്ഞാടിന്റെ അതായത് യേശുക്രിസ്തുവിന്റെ 'മണവാട്ടി' എന്ന് ആലങ്കാരികമായി വർണിച്ചിരിക്കുന്നു. ദൈവത്തിൽ ആരോപിച്ചിരിക്കുന്ന മനുഷ്യസവിശേഷതകൾ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കേണ്ടതല്ലെന്നാണ് ഇതെല്ലാം കാണിക്കുന്നത് (ഗലാത്യർ 3:26,28; വെളിപ്പാട് 21:9; 1 യോഹന്നാൻ 3:1,2).

പുരുഷന്റെ ധർമം കണക്കിലെടുത്തുകൊണ്ടാണ് ബൈബിൾ എഴുത്തുകാർ ദൈവത്തെക്കുറിച്ച് പരാമർശിക്കവേ പുല്ലിംഗം ഉപയോഗിച്ചത്. ദൈവത്തിന് മനുഷ്യരോടുള്ള പിതൃതുല്യമായ സ്നേഹവും താൽപര്യവും പ്രതിഫലിപ്പിക്കാൻ തന്റെ ധർമ്മം ഉചിതമായി നിറവേറ്റുന്ന ഒരു പുരുഷനു സാധിക്കുമെന്ന് അവർക്കറിയാമായിരുന്നു (മലാഖി 3:17; മത്തായി 5:45; ലൂക്കോസ് 11:11-13).

പരമാധികാരിയാം ദൈവം ഒരു നിഗൂഢതയല്ല; അവിടുന്ന് നമ്മിൽനിന്ന് അകന്നിരിക്കുന്നില്ല. നമുക്ക് ആശയവിനിമയം ചെയ്യാനാകാത്ത വിധത്തിലുമല്ല. സൃഷ്ടിയിൽ പ്രതിഫലിച്ചു കാണുന്നതും ദൈവത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളുമായ സ്നേഹം, ശക്തി, ജ്ഞാനം, നീതി എന്നിവയെക്കുറിച്ചറിയാൻ ആഗ്രഹിക്കുന്ന ആത്മാർത്ഥ ഹൃദയർക്ക് അവിടുത്തെ ആത്മപ്രകൃതം ഒരിക്കലും ഒരു പ്രതിബന്ധമല്ല (റോമർ 1:19-21).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : റൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?



ശാസ്ത്രപഠനപരമ്പര –10

ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും ടൈറ്റസ് കാർത്തികപ്പള്ളി മറുപടി നൽകുന്നു

**പ**രമ്പരാഗതമായുള്ള വിശ്വാസപ്രകാരം മനുഷ്യർ മരണത്തിനു കീഴടങ്ങിയേ പറ്റൂ. എന്നാൽ, ഒരു പറ്റം ശാസ്ത്രജ്ഞർ ഈ പരിമിതി മറികടക്കാനുള്ള ശ്രമം നടത്തിവരികയാണ്. മരണത്തെ മറികടക്കാൻ സാധ്യമായില്ലെങ്കിൽ പോലും ജീവിതദൈർഘ്യം വർധിപ്പിക്കാനായേക്കുമെന്നാണ് മറ്റു ചില ഗവേഷകരുടെ കണക്കുകൂട്ടൽ. കഴിഞ്ഞ രണ്ടു നൂറ്റാണ്ടിലെ നേട്ടങ്ങൾ തന്നെയാണ് ഇതു സാധ്യമാണെന്നതിനുള്ള തെളിവ് എന്നാണ് അവർ പറയുന്നത്.

ഇതെല്ലാം അത്ഭുതപ്പെടുത്തുന്ന കാര്യങ്ങളായി തോന്നാമെങ്കിലും ശാസ്ത്രജ്ഞരും ഗവേഷകരും വമ്പൻ ടെക്നോളജി കമ്പനികളും ഇതിനുള്ള ഒരുക്കം തുടങ്ങിയിട്ട് വർഷങ്ങളായി. ഗൂഗിൾ വെഞ്ചേഴ്സിനു തുടക്കമിട്ട അമേരിക്കൻ ബിസിനസുകാരനായ ബിൽ മാറിസ് (Bill Maris) ഏതാനും വർഷം മുൻപ് അവകാശപ്പെട്ടത് ഭാവിയിൽ മനുഷ്യർ കുറഞ്ഞത് 500 വർഷം ജീവിച്ചിരിക്കുമെന്നാണ്. ശാസ്ത്രത്തിനും ടെക്നോളജിക്കും ഇതിനു സാധിക്കുമെന്നും അദ്ദേഹം പറയുന്നു. ഇതിനായി 2013-ൽ ഗൂഗിൾ സ്ഥാപിച്ച കമ്പനിയാണ് കാലികോ (Calico). ഈ കമ്പനി ലോകത്തെ ഏറ്റവും വലിയ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളുമൊത്തു പ്രവർത്തിക്കുകയാണ്. മനുഷ്യരുടെ ആയുസ് വർധിപ്പിക്കാനുള്ള ഉദ്യമത്തിന് മാത്രം ചെലവിടാനായി ആദ്യഘട്ടത്തിൽ മാറ്റിവച്ചിരിക്കുന്നത് 19,000 കോടി രൂപയാണ്.








ഭാവിയിൽ മനുഷ്യർക്ക് അവരുടെ തലച്ചോറ് യന്ത്രങ്ങളിലേക്ക് അപ്‌ലോഡ് ചെയ്യാൻ സാധിച്ചേക്കും. ഇതു യാഥാർത്ഥ്യമാകുകയാണെങ്കിൽ ശരീരം മരിച്ചാലും ഡിജിറ്റൽ അനശ്വരത്വം കൈവരിക്കും. ഓർമ്മകളും വികാരങ്ങളും എക്കാലത്തേക്കുമായി സ്റ്റോർ ചെയ്യാനായേക്കും എന്നും അവർ അവകാശപ്പെടുന്നു.

മരണം എന്ന പ്രശ്നത്തെ ഒരു രീതിയിൽ മാത്രം മറികടക്കാനല്ല ശ്രമം. അടുത്ത നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ, നിർണായക അവയവങ്ങൾ യന്ത്രങ്ങളെയോ കമ്പ്യൂട്ടറുകളെയോ ഉപയോഗിച്ച് മാറ്റിവയ്ക്കാനുള്ള ശ്രമവും നടക്കുന്നുണ്ടെന്നാണ് ഗവേഷകർ പറയുന്നത്. ശരീരത്തിനുവരുന്ന, പരിഹരിക്കാവുന്ന ഒരു സാങ്കേതിക തകരാർ മാത്രമാണ് മരണം എന്ന ഉറച്ച വിശ്വാസത്തോടെയാണ് ശാസ്ത്രജ്ഞർ ഇക്കാര്യത്തിൽ മുന്നേറുന്നത്. ലബോറട്ടറികളിൽ ഈ പ്രശ്നം പരിഹരിക്കാനായേക്കുമെന്നും മനുഷ്യർ അതോടെ അമരത്വം നേടിയേക്കുമെന്നും ഇവർ വിശ്വസിക്കുന്നു. മരണാനന്തര ജീവിതത്തിന് അടിസ്ഥാനമുണ്ട് എന്ന വസ്തുതയിലേക്കാണ് ആധുനീക ശാസ്ത്രം വിരൽ ചൂണ്ടുന്നത്.

ശ്രദ്ധിക്കുക: വചനത്തിന് അനിഷേധ്യസാക്ഷ്യമായി ശാസ്ത്രം മാറിയിരിക്കുന്നു. മരണാന്തര ജീവിതത്തിന് ഞാൻ ചൂണ്ടിക്കാണിച്ചതിൽ പരം ഒരു ശാസ്ത്രീയ വിശദീകരണം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ജീവൻ എന്ന പ്രതിഭാസം രൂപീകൃതമാകുന്നതിനു വേണ്ടുന്ന അടിസ്ഥാന ഘടകം മരണശേഷവും നശിക്കാതെ അവശേഷിക്കുന്നുവെന്നും സാഹചര്യം അനുകൂലമായാൽ പ്രത്യുൽപ്പാദനപരമായി സ്വയം വികസിക്കാനുള്ള ശേഷി ഇവയ്ക്കുണ്ട് എന്നും ന്യൂക്ലിയോ പ്രോട്ടീന്റെ സഹായത്താൽ ജീൻസ് പ്രവർത്തന നിരതമാകുന്നതോടെ ജീവൻ കൈവരിക്കാം എന്നും ശാസ്ത്രം പറയുന്നു. മരണാനന്തരം മനുഷ്യന്റെ വ്യക്തിത്വം നിലനിൽക്കുമെന്നിരിക്കെ ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നത് വിശ്വാസയോഗ്യമല്ലാ എന്നു നിങ്ങൾക്ക് തോന്നുന്നതെന്ത്? (അ.പ്ര.26:8). ആദാമിൽ എല്ലാവരും മരിയ്ക്കുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും ജീവിയ്ക്കപ്പെടും (1 കൊരി. 15:28). നിലത്തെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ ചിലർ നിത്യജീവനായും, ചിലർ നിത്യലജ്ജക്കായും ഉണരും (ദാനി.12:2). ദൈവം നിങ്ങളെ സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തും എന്നുള്ളത് യാഥാർത്ഥ്യമാണ് എന്നറിക. അതുകൊണ്ടാണ് ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പാൻ ദൈവവചനം മനുഷ്യനെ ആഹ്വാനം ചെയ്യുന്നത്. ഫിലിപ്യർ 2, 12, 13, ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇപ്പോഴാകുന്നു രക്ഷാദിവസം. 2 കൊരിന്ത്യർ 5:2, മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിയ്ക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല. അപ്പോസ്തലപ്രവൃത്തി 4:12, യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചുവെന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ സഹോദരാ, സഹോദരി നിങ്ങൾ രക്ഷ പ്രാപിക്കും (റോമർ 10:9).

അദ്രവത്വവും അക്ഷയവുമായ ശരീരത്തിൽ നിത്യമായി ആസ്വദിയ്ക്കാവുന്ന ഒരു മരണാനന്തരജീവിതം ഉണ്ട് എന്നുള്ളത് ജീവിതത്തിന് ഒരു പുതിയ വീക്ഷണം പ്രദാനം ചെയ്യുന്നു. ഇവിടെ സത്യവേദപുസ്തകത്തിലേക്ക് ഒരു മടങ്ങിപ്പോക്ക് മനുഷ്യന് അനിവാര്യമായിരിക്കുന്നു. ഇത് ജീവിതത്തിന് ഒരു ലക്ഷ്യവും പ്രവർത്തിക്ക് ഒരു മാർഗ്ഗദർശിയും ബുദ്ധിപരമായ സത്യസന്ധതയ്ക്ക് ഒഴിച്ചുകൂടാനാവാത്ത ആവശ്യവുമാണ്.

# കത്തോലിക്ക: സഭയോ മതമോ?

കഴിഞ്ഞലക്കം തുടർച്ച 6


**ശ**ലോമോൻ യഹോവയെ സ്നേഹിച്ച്, ദാവീദിന്റെ ചട്ടങ്ങളെ അനുസരിച്ചു നടന്നു എങ്കിലും പൂജാഗിരികളിൽ യാഗം കഴിച്ചു, ധൂപം കാട്ടി-സ്വന്ത മനസ്സോടെയല്ല. അന്യജാതിക്കാരായ ഭാര്യമാർക്കുവേണ്ടി. ഫലമോ, പട്ടുപോയി. തലമുറ നശിച്ചു. ശിംശോനെ ഓർക്കുക. ദൈവമക്കൾക്ക് ദൈവം ഒരു അതിർ വച്ചിട്ടുണ്ട്. 1 യോഹ. 2:15,16 വായിക്കുക. അത് ലംഘിക്കരുത്. ഈ താല്ക്കാലിക ജീവിതത്തിനപ്പുറത്ത് നമുക്കു ലഭിക്കാനിരിക്കുന്നത് ഒന്നുകിൽ നിത്യമായ സ്വർഗ്ഗം അല്ലെങ്കിൽ, നിത്യമായ നരകം. ദൈവവചനം അനുസരിക്കുന്നതിലൂടെ മാത്രമേ സ്വർഗ്ഗപ്രാപ്തി സാധ്യമാകുകയുള്ളു. ജനനത്തിനും മരണത്തിനുമിടയിൽ ലഭിക്കുന്ന ജീവിതത്തിൽ മാത്രമേ ഇതിനൊരവസരം ലഭിക്കുന്നുള്ളു.

## കത്തോലിക്കാ സഭയുടെ ഉത്ഭവം

റോമാ സാമ്രാജ്യത്തിന്റെ രണ്ടാമത്തെ ചക്രവർത്തിയായിരുന്ന അഗസ്റ്റസ് കൈസറുടെ (ബി.സി.31 – എ.ഡി.14) കാലത്തായിരുന്നു യേശുക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുന്നത്. തിബര്യാസ് കൈസറുടെ കാലത്താണ് (എ.ഡി.30 – 35) യേശുക്രിസ്തു ക്രൂശിക്കപ്പെടുന്നതും ഉയിർത്തെഴുന്നേൽക്കുന്നതും പരിശുദ്ധാത്മാവിനെ അയച്ച് തിരുസഭ ഭൂമിയിൽ പണിയുന്നതും. എന്നാൽ തുടർന്ന് തിബര്യാസ് മുതൽ ഡയോക്ലീഷ്യൻ വരെ 24 ചക്രവർത്തിമാർ (എ.ഡി.30–305)തുടർച്ചയായി ക്രിസ്തുസഭയെ ഇല്ലാതാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. രാജ്യദ്രോഹികളായും വിഗ്രഹങ്ങളെ ആരാധിക്കാത്തതുകൊണ്ട്, റോമാ മതത്തിന്റെ ശത്രുക്കളായും റോമാ ചക്രവർത്തിമാരെ കർത്താവും രക്ഷിതാവും എന്നു സംബോധന ചെയ്യാത്തതുകൊണ്ട് റോമാസിംഹാസനത്തെ എതിർക്കുന്നവരായും മുദ്രകുത്തി പീഡിപ്പിച്ചുകൊണ്ടിരുന്നു. നീറോ, ഡൊമീഷ്യൻ, ഡയോക്ലീഷൻ എന്നിവരുടെ വാഴ്ചക്കാലം ക്രൂരവും അതിഭയങ്കരവും ആയിരുന്നു. ചുരുക്കത്തിൽ, ഈ ചക്രവർത്തിമാർ എല്ലാവരും ക്രിസ്ത്യാനികളെയും ക്രിസ്തീയ സഭയെയും ഈ ഭൂമുഖത്തുനിന്ന് ഇല്ലാതാക്കുവാൻ ശ്രമിച്ചു. എന്നാൽ, ക്രിസ്തീയസഭ വളർന്നുകൊണ്ടേയിരുന്നു. റോമാസാമ്രാജ്യത്തിന്റെ 26–ാമത്തെ ചക്രവർത്തിയായിരുന്ന ഡയോക്ലീഷൻ എ.ഡി.305 മെയ് 1 ന് സ്ഥാനമൊഴിഞ്ഞപ്പോൾ തൽസ്ഥാനത്ത് രണ്ടുപേർ അവകാശികളായി വന്നു. സിംഹാസനം കരസ്ഥമാക്കുന്നതിനു മാക്സെൻഷ്യസുമായി യുദ്ധം നടക്കുന്ന സമയം. അസ്തമയ സൂര്യന്റെ മുകളിലായി ഒരു കുരിശും, ഈ അടയാളവുമായി ആക്രമിച്ച് കീഴടക്കുക എന്ന എഴുത്തും കോൺസ്റ്റന്റൈൻ സ്വപ്നം കാണുകയുണ്ടായി. അപ്പോൾത്തന്നെ പടയാളികളോടു തങ്ങളുടെ പരിചമേൽ കുരിശടയാളം രേഖപ്പെടുത്തി യുദ്ധം ചെയ്യുന്നതിന് അദ്ദേഹം കല്പ്പന കൊടുത്തു. ചരിത്രപ്രസിദ്ധമായ മെൽവിൻ ബ്രിഡ്ജ് യുദ്ധത്തിൽ എ.ഡി.312 ഒക്ടോബർ 27–ന് മാക്സെൻഷ്യസിനെ പരാജയപ്പെടുത്തുകയും അദ്ദേഹത്തെ ടൈബർ നദിയിൽ മുക്കിക്കൊല്ലുകയും ചെയ്തു. യേശുക്രിസ്തുവിന്റെ നാമത്തിൽ യുദ്ധം ചെയ്തു കീഴടക്കുവാൻ തീരുമാനിച്ച അദ്ദേഹം ആ യുദ്ധത്തിൽ വിജയിച്ചതു ക്രിസ്തീയ സഭാചരിത്രത്തിൽ ഒരു വഴിത്തിരിവായി.



സൂര്യദേവൻ കത്തോലിക്കയിലേക്ക് വന്ന വഴി




സ്വർഗ്ഗത്തിനും നരകത്തിനും യാതനാസ്ഥലത്തിനും കത്തോലിക്കർ കടപ്പെട്ടിരിക്കുന്ന ഗ്രന്ഥം.

യുദ്ധം ജയിച്ച് സിംഹാസനം കരസ്ഥമാക്കിയ കോൺസ്റ്റന്റൈൻ ചക്രവർത്തി സുവിശേഷം അറിയാതെയും, തിരുവചനം പഠിക്കാതെയും, യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാതെയും മനഃപരിവർത്തനമുണ്ടാകാതെ–ക്രിസ്ത്യാനിയായിത്തീർന്നു. അന്നുമുതലാണ് ക്രിസ്തീയസഭ ക്രിസ്തുമതമായി മാറിയത്. എ.ഡി.313 –ൽ മിലനിൽ അദ്ദേഹം 'എഡിറ്റ് ഓഫ് റ്റോളറേഷൻ' പ്രഖ്യാപിച്ചു. തന്റെ പ്രജകളെല്ലാം ക്രിസ്തുതം സ്വീകരിക്കണമെന്ന് അദ്ദേഹം കല്പന പുറപ്പെടുവിച്ചു. ക്രിസ്ത്യാനികൾക്കു മതസ്വാതന്ത്ര്യം നല്കുന്ന ഈ പ്രഖ്യാപനം ചരിത്രത്തിൽ ആദ്യത്തേതാണ്. പ്രധാന ഓഫീസുകളിൽ ക്രിസ്ത്യാനികളെ മാത്രം നിയോഗിച്ചു. ക്രിസ്തുമതത്തെ ഔദ്യോഗിക മതമായും ക്രിസ്ത്യാനികൾ കൂടിവരുന്ന ഞായറാഴ്ചയെ പൊതു അവധിദിവസമായും പ്രഖ്യാപിച്ചു. ആഴ്ചയിൽ ഒരു ദിവസം ഒഴിവു ലഭിക്കുന്നത് അടിമകളെ സംബന്ധിച്ചിടത്തോളം വലിയ കാര്യം ആയിരുന്നു. ക്രിസ്തീയ പുരോഹിതന്മാരെ നികുതിയിൽനിന്ന് ഒഴിവാക്കി. ഇങ്ങനെ ക്രിസ്ത്യാനികൾക്ക് ധാരാളം ആനുകൂല്യം അനുവദിച്ചുകിട്ടുന്നതിനാൽ ധാരാളം പേർ ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തീയ സഭയ്ക്ക് എന്തെങ്കിലും അനർത്ഥം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും വലിയത് ഇതായിരുന്നു. മാനസാന്തരപ്പെടാത്തവരെയും പുതുതായി ജനിച്ചിട്ടില്ലാത്തവരെയുംകൊണ്ട് സഭ നിറയുവാൻ ഇതു കാരണമായി. (തുടരും)

# നവോത്ഥാനം വന്ന വഴി

**ജ്ഞാ**നോദയം അഥവാ ബുദ്ധിപരമായ ഉണർവ്വ് എന്നതാണ് നവോത്ഥാനം എന്ന പദത്തിന്റെ അർത്ഥം. എ. ഡി. 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തതോടുകൂടിയാണ് യൂറോപ്പിൽ നവോത്ഥാനത്തിന് തുടക്കമിട്ടത്. കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു കോൺസ്റ്റാന്റിനോപ്പിൾ. കോൺസ്റ്റാന്റിനോപ്പിളിന്റെ ഇപ്പോഴത്തെ പേര് ഇസ്താംബുൾ എന്നാണ്.

കിഴക്കൻ റോമാസാമ്രാജ്യം തകർന്നതോടെ അവിടെയുണ്ടായിരുന്ന പണ്ഡിതന്മാരും സാഹിത്യകാരന്മാരും കലാകാരന്മാരുമൊക്കെ അടുത്തുള്ള പ്രദേശങ്ങളിലേക്ക് പലായനംചെയ്തു. അവരിൽ വലിയൊരു ഭാഗം ആളുകൾ എത്തിച്ചേർന്നത് ഇറ്റാലിയൻ നഗരങ്ങളിലായിരുന്നു. അവർക്ക് കൂടുതൽ ചിന്തിക്കാനും പഠിക്കാനുമൊക്കെയുള്ള സാഹചര്യമായിരുന്നു ഇറ്റലിയിൽ ഉണ്ടായിരുന്നത്. അങ്ങനെ പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇറ്റലിയിൽ ഒരു നവോത്ഥാന പ്രക്രിയ ആരംഭിച്ചു. അത് വളർന്ന് വ്യാപിച്ചു. നവോത്ഥാനത്തിന് തുടക്കംകുറിച്ചതുകൊണ്ടുതന്നെ, 'നവോത്ഥാനത്തിന്റെ കളിത്തൊട്ടിൽ' എന്നറിയപ്പെടുന്ന രാജ്യമാണ് ഇറ്റലി.

### നവോത്ഥാനം സാഹിത്യത്തിൽ

നവോത്ഥാനത്തിനുമുമ്പ് മതപരമായ ആശയങ്ങളായിരുന്നു സാഹിത്യത്തിന്റെയും കലയുടേയും ഉള്ളടക്കം. ലാറ്റിൻ, ഗ്രീക്ക് ഭാഷകളിലാണ് അന്ന് കൃതികൾ രചിച്ചിരുന്നത്. എന്നാൽ നവോത്ഥാനത്തിന്റെ തുടക്കത്തോടെ ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച് തുടങ്ങിയ പ്രാദേശിക ഭാഷകളിൽ കൃതികൾ രചിക്കാൻ തുടങ്ങി. കൂടാതെ മനുഷ്യജീവിതത്തിന് പ്രാധാന്യം ലഭിക്കുന്ന തരത്തിലുള്ള വിഷയങ്ങളും സാഹിത്യകൃതികളിൽ പ്രതിപാദിച്ചു.

### പെട്രാർക്ക്



നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന കവിയാണ് പെട്രാർക്ക്. മാനവികതാവാദത്തിന്റെ പിതാവ് എന്നും അദ്ദേഹം അറിയപ്പെടുന്നുണ്ട്.

പെട്രാർക്കിന്റെ യശസ്സിന്റെ അടിസ്ഥാനം ഇറ്റാലിയൻ ഭാഷയിൽ എഴുതിയ ഗീതകങ്ങളാണ്. എങ്കിലും അദ്ദേഹത്തിന്റെ രചനകളിൽ അധികവും ലത്തീൻ ഭാഷയിൽ ആയിരുന്നു. സംഭാഷണരൂപത്തിൽ എഴുതിയ 'സീക്രെട്ടം' എന്ന രചനയും ലത്തീൻ ഭാഷയിലുള്ളതാണ്. 1341-ൽ, റോമൻ അധികാരികൾ അദ്ദേഹത്തിന് ആസ്ഥാനകവിയുടെ പദവി നൽകി ബഹുമാനിച്ചു. ബഹുമതി സ്വീകരിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രഭാഷണം യൂറോപ്യൻ നവോത്ഥാനത്തിന്റെ ആദ്യത്തെ പ്രകടനപത്രിക (First Manifesto of Renaissance) എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.


### ദാന്തെ അലിഘിയേരി




1265-ൽ ഫ്ളോറൻസിലാണ് ദാന്തെയുടെ ജനനം. പതിനെട്ടാമത്തെ വയസ്സു മുതൽ ദാന്തെ കവിതകൾ എഴുതിത്തുടങ്ങിയതായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതിയാണ് 'ഡിവൈൻ കോമഡി'. നവോത്ഥാന സാഹിത്യത്തിന് തുടക്കം കുറിച്ച കൃതികൂടിയാണ് 'ഡിവൈൻ കോമഡി'. മൂന്ന് കാണ്ഡങ്ങളാണ് 'ഡിവൈൻ കോമഡി' എന്ന കാവ്യത്തിലുള്ളത്.

ഒന്നാം കാണ്ഡം 'നരകം' (Inferno) എന്ന പേരിലും രണ്ടാം കാണ്ഡം 'ശുദ്ധീകരണ മണ്ഡലം' (Purgatory) എന്ന പേരിലും മൂന്നാം കാണ്ഡം സ്വർഗ്ഗം എന്ന പേരിലും അറിയപ്പെടുന്നു. ഇൻഫെർണോ എന്ന ഭാഗത്തിൽ നരകത്തെക്കുറിച്ചുള്ള ദാന്തെയുടെ ഭാവനയാണുള്ളത്. ദാന്തെയുടെ ഈ വർണനയാണ് നരകത്തെക്കുറിച്ച് ഇന്നും വളരെയധികം ആളുകൾ വിശ്വസിക്കുന്നത്. എങ്കിലും ദാന്തെ ഒരു വിശ്വാസി ആയിരുന്നില്ല.

### ജിയോവനി ബൊക്കാച്ചിയോ



'ദക്കാമറൺ കഥകൾ' എന്ന കൃതിയിലൂടെ പ്രസിദ്ധനായ ജിയോവനി ബൊക്കാച്ചിയോ 1313-ൽ ഇറ്റലിയിലെ ഫ്ളോറൻസിലാണ് ജനിച്ചത്. പാരമ്പര്യത്തിന്റേതായ ചങ്ങലകൾ പൊട്ടിച്ച് സാധാരണക്കാരനുവേണ്ടി ജീവിതഗന്ധിയായ കഥകൾ പറയാനാണ് ബൊക്കാച്ചിയോ ശ്രമിച്ചത്.




'പത്തുദിവസം നീണ്ടുനിൽക്കുന്നത്' എന്നാണ് ദക്കാമറൺ എന്ന ഗ്രീക്ക് പദത്തിനർത്ഥം. 1847 മുതൽ 1849 വരെ യൂറോപ്പിലാകമാനം പടർന്നുപിടിച്ച പ്ലേഗ് ബാധയുടെ അടിസ്ഥാനത്തിൽ രചിച്ച കഥകളാണ് ഈ കൃതിയിലുള്ളത്. പ്ലേഗ് ബാധയിൽ നിന്നു രക്ഷനേടാനായി പലായനം ചെയ്യുന്ന ഏഴ് യുവതികളും മൂന്ന് യുവാക്കളുമാണ് ദക്കാമറൺ കഥകളിലെ കഥാപാത്രങ്ങൾ. യാദൃച്ഛികമായി ഒരു പള്ളിയിൽവച്ച് അവർ കണ്ടുമുട്ടുന്നു. പത്തുദിവസം രസകരമായി തള്ളിനീക്കുക എന്ന ഉദ്ദേശ്യത്തിന്റെ ഭാഗമായി അവർ കഥപറച്ചിലിനു തുടക്കമിട്ടു. ഒരാൾ പത്ത് കഥകൾ വെച്ച് പറയണം. അങ്ങനെ പത്തുപേർ പത്തുദിവസങ്ങൾ കൊണ്ട് 100 കഥകൾ പറഞ്ഞുതീർക്കുന്നു. ശക്തമായ സാമൂഹിക വിമർശനമാണ് കഥകളുടെ പ്രത്യേകത.



## നിലവാരമുള്ള പുരോഗതി

**യു**ദ്ധമുന്നണിയിലെ താൽക്കാലിക ഹെഡ്ക്വാർട്ടേഴ്സിലെ ഒരു രംഗം. ഒരു ജനറൽ ക്ഷുഭിതനായി ഓഫീസ് സ്റ്റാഫിനോട് ചോദിച്ചു, 'ക്യാപ്റ്റൻ നായിക്കിനെ ആരാണ് എന്റെ ടീമിൽ ഉൾപ്പെടുത്തിയത്?'

'അതു മുകളിൽ നിന്നുള്ള ഓർഡറായിരുന്നു', സ്റ്റാഫിലെ സീനിയർ ഓഫീസറായ കേണൽ പറഞ്ഞു.

'എന്നാൽ എനിക്കയാളെ വേണ്ട' ജനറൽ പറഞ്ഞു. 'ഒന്നിനും കൊള്ളാത്ത മന്ദബുദ്ധിയാണയാൾ.'

ഉടനെ കേണൽ പറഞ്ഞു: "ക്യാപ്റ്റൻ നായിക് അത്ര മോശക്കാരനല്ല, സർ. അയാൾ ഇതിനകം ഒരു ഡസൻ പോരാട്ടങ്ങളിൽ പങ്കെടുത്തിട്ടുണ്ട്"

അപ്പോൾ ജനറൽ അല്പസമയം കേണലിന്റെ കണ്ണുകളിലേക്കു നോക്കി. അതിനുശേഷം ജനറൽ പറഞ്ഞു, "ജനാലയിലൂടെ പുറത്തേക്കു നോക്കൂ. ഭാരം ചുമക്കുന്ന ആ കഴുതകളെ കണ്ടോ? അവ എത്ര നാളായി ഭാരം ചുമക്കുന്നു. എന്നാൽ അവ ജോലി ചെയ്യുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ?"


അനുഭവത്തിലൂടെ നമുക്കു പലതും പഠിക്കാൻ സാധിക്കും. പരിചയസമ്പത്തു നേടുന്നതു വഴി നാം ചെയ്യുന്ന കാര്യങ്ങൾ കൂടുതൽ മെച്ചമായി പിന്നീട് ചെയ്യുവാനും സാധിക്കും.

എന്നാൽ ചിലരുണ്ട്, അവർ അനുഭവത്തിലൂടെ ഒന്നുംതന്നെ പഠിക്കില്ല. ഒരു കാര്യം എത്ര തവണ ചെയ്താലും അതിന്റെ ക്വാളിറ്റിയിൽ യാതൊരു വ്യത്യാസവും ഉണ്ടാവില്ല. അങ്ങനെയൊരാളായിരുന്നു ക്യാപ്റ്റൻ നായിക്. തന്മൂലമാണ് ജനറൽ അയാളെ മന്ദബുദ്ധിയായി കരുതിയത്.

നാമെല്ലാവരും നമ്മുടെ സമൂഹത്തിൽ ശമ്പളത്തിനാണെങ്കിലും അല്ലെങ്കിലും ഒട്ടേറെ ജോലികൾ ചെയ്യുവാൻ ബാധ്യസ്ഥരാണ്. എന്നാൽ, നമ്മിലെത്രപേർ ആത്മാർത്ഥതയോടെയും അർപ്പണമനോഭാവത്തോടെയും നമ്മുടെ ജോലികൾ ചെയ്യുന്നുണ്ട്? പലപ്പോഴും നമ്മുടെ ജോലിയിലുള്ള അപാകതകളും കാര്യക്ഷമതയില്ലായ്മയും നമ്മുടെ സമൂഹത്തിനും വ്യക്തികൾക്കും ദോഷകരമായിത്തീരുന്നില്ലേ? നാം ചെയ്യുന്ന ജോലികളിലൊക്കെ ആത്മാർത്ഥത നിഴലിച്ചിരുന്നെങ്കിൽ സമൂഹമെന്ന നിലയിൽ നാം എത്രമാത്രം വളരേണ്ടതായിരുന്നു!

ഓരോരോ രംഗങ്ങളിൽ വിവിധ കാര്യങ്ങൾ ചെയ്യുന്നവരാണ് നമ്മൾ. കാലംചെല്ലും തോറും നാം ചെയ്യുന്ന കാര്യങ്ങളുടെ ക്വാളിറ്റിയിൽ പുരോഗതി ഉണ്ടാകുന്നുണ്ടോ എന്നു നാം അന്വേഷിക്കുവാൻ മറക്കരുത്.

# മനുഷ്യാവതാരകാലം




**ബൈ**ബിളിന് പുറത്ത് യഹൂദന്മാർക്ക് സാഹിത്യം ഉണ്ടായിരുന്നില്ല. ഒരു എബ്രായ നാടകവേദിയെക്കുറിച്ച് നാം എവിടെയും കേൾക്കുന്നില്ലല്ലോ! കലകളുടെയും വാസ്തുവിദ്യയുടെയും കാര്യത്തിലും വൈദേശികമല്ലാത്തതൊന്നും ശ്രദ്ധേയമായിരുന്നില്ല. സംഗീതം അങ്ങനെയല്ല. അതായിരുന്നു യഹൂദ സമൂഹത്തിലെ ശ്രേഷ്ഠകല. സന്തോഷവും സന്താപവും സംഗീതബദ്ധമായാണ് ആചരിച്ചിരുന്നത്. ശാസ്ത്രീയജ്ഞാനം കുറവായിരുന്നു. ഭൂമി പരന്നതാണ്, പലസ്തീൻ കൃത്യം നടുവിലാണ് എന്നൊക്കെ ആയിരുന്നു ഭൂമിശാസ്ത്രം. വൈദികഗണിതം (vedic mathematics) എന്ന് നമ്മുടെ നാട്ടിൽ പറയുന്നതുപോലെ ബൈബിളിൽ, വിശേഷിച്ച് പഞ്ചഗ്രന്ഥങ്ങളിൽ വാക്കുകൾക്ക് മൂല്യം നിശ്ചയിച്ച് ചില സമീകരണങ്ങൾ രൂപപ്പെടുത്തി പ്രപഞ്ചരഹസ്യം അനാവരണം ചെയ്യാൻ ശ്രമിക്കുന്ന രീതി ഉണ്ടായിരുന്നു എന്നറിയാമെങ്കിലും ആ കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

യഹൂദസമൂഹം ശുചിത്വത്തിൽ വളരെ നിഷ്ഠ പുലർത്തിയിരുന്നു. ശുചിത്വം ഭക്തിയുടെ ഭാഗമാണ് എന്ന് റബ്ബിമാർ പഠിപ്പിച്ചു. പുരുഷന്മാർ താടിമീശ നീട്ടിവളർത്തിയിരുന്നു. അഹറോന്റെ കാലം മുതൽ (സങ്കീ.133) അത് പതിവായിരുന്നെങ്കിലും മീശ വളർത്താത്ത റോമാക്കാരോടുള്ള ചെറുത്തുനിൽപ്പിന്റെ പ്രതീകമായിരുന്നു മനുഷ്യാവതാരകാലത്തെ ദീക്ഷ. നരച്ച മുടി കറപ്പിക്കുവാൻ ഹെന്ന ഉപയോഗിച്ചിരുന്നു. സ്ത്രീകൾ പുരികങ്ങൾ വെട്ടി ക്രമപ്പെടുത്തി കറുത്ത ചായം തേയ്ക്കും. കൺപീലികളിൽ നീല, ചുണ്ടിൽ ചുവപ്പ് (ലിപ്സ്റ്റിക്ക്), കവിളിൽ അരുണിമ (റൂഷ്), ഉള്ളംകൈയ്യിൽ മൈലാഞ്ചി-പരിഷ്ക്കാരമുള്ള സ്ത്രീകൾ അന്നു സ്വന്തം സൗന്ദര്യം വളരെ ശ്രദ്ധിച്ചിരുന്നു. സുഗന്ധദ്രവ്യങ്ങളും അവർക്ക് പ്രധാനമായിരുന്നു. സ്ത്രീധനത്തിന്റെ പത്തിലൊന്ന് ഈ ഇനത്തിൽ ചെലവാക്കിയിരുന്നു യരുശലേമിലെ സ്ത്രീകൾ. ഇവയിൽ ഏറ്റവും വിലപിടിച്ചത് സ്വഛജടാമാംസി തന്നെ. അത് ഇന്ത്യയിൽ നിന്നാണ് ഇറക്കുമതി ചെയ്തിരുന്നത്. ചെരുപ്പിൽ സൂക്ഷിക്കുന്ന ഒരു ഇനം ഉണ്ടായിരുന്നു. കാൽ അനക്കിയാൽ മുറിയാകെ മാദകഗന്ധം! സുഗന്ധദ്രവ്യങ്ങൾ ഒഴികെ മേൽപ്പറഞ്ഞതൊക്കെ പ്രഭികളും താഴെക്കിടയിൽ വേശ്യകളും മാത്രം പാലിച്ച മര്യാദയത്രെ.

ആതിഥ്യമര്യാദ ശ്രേഷ്ഠമായി ഗണിച്ചിരുന്നു. ചുംബനം സ്വാഗതസൂചകമായിരുന്നു. മൂത്തയാൾ ഇളയ ആളെ ചുംബിക്കും; ഇളയ ആൾ മൂത്തയാളുടെ കൈ മുത്തും, കാൽമുട്ടിൽ തൊടും, പാദങ്ങൾ വന്ദിക്കും. ശിഷ്യൻ ഗുരുവിനെ ചുംബിക്കുന്നത് കൈപ്പത്തിയിലായിരുന്നു. യൂദാ ഒറ്റിക്കൊടുത്തത് കൈമുത്തി ആയിരുന്നു.. യൂറോപ്യൻ ചിത്രകാരന്മാർ വരച്ചതുപോലെ കവിളിൽ ചുംബിച്ചുകൊണ്ട് ആകാനിടയില്ല. ഇരുവശത്തും തോളിൽ ചുംബിക്കുന്നതായിരുന്നു എസീന്യരീതി.



# വേദാഭിമാനിയുടെ മറുപടി


താങ്കളെ ജ്ഞാനിയായും പണ്ഡിതനായും അംഗീകരിക്കാത്തതുകൊണ്ടാണോ പ്രഗത്ഭരും പ്രശസ്തരുമായ ബൈബിൾ വ്യാഖ്യാതാക്കളെ വിമർശിക്കുകയും അവരെ "ഫണ്ഡിതന്മാർ" എന്ന് ആക്ഷേപിക്കുകയും ചെയ്യുന്നത്. ആളുകളെ ചെറുതാക്കി കാണാനുള്ള പ്രവണത വിവരക്കേടും വചനവിരുദ്ധവുമാണന്നറിയാതെ പോകരുത്.

പേരും വിലാസവും വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ തിരുവല്ലാക്കാരനായ വിമർശകനെ നമുക്ക് സംയുക്ത പണ്ഡിതപ്രതിനിധി എന്നു വിളിക്കാം.

സുവിശേഷകൻ, ദൈവദാസൻ, ക്രിസ്ത്യാനി എന്നതിനപ്പുറമുള്ള മാനുഷിക അംഗീകാരങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് പറയട്ടെ, 31 വർഷമായി ബൈബിൾ പഠനം തുടരുന്ന എനിക്ക് സ്വദേശത്തും വിദേശത്തുമുള്ള പണ്ഡിതന്മാരെന്നഭിമാനിക്കുന്നവരുടെ അറിവ് എത്രത്തോളം എന്ന് നന്നായറിയാം. നല്ലൊരു ശതമാനം ആളുകളും വെറും 'കോപ്പി പേസ്റ്റ്' മാത്രമാണ്. അതായത് മറ്റുള്ളവർ എഴുതിയതും പറഞ്ഞതുമായ കാര്യങ്ങൾ ഓർമ്മയിൽ സംഗ്രഹിച്ച് ആവശ്യമുള്ള അവസരങ്ങളിൽ അത് സ്വന്തം നിഗമനങ്ങളായി പ്രസ്താവിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. അന്വേഷണാത്മക പഠനങ്ങളിലും നിഗമനങ്ങളിലും ഊന്നി കൃത്യമായ ഒരു വിശദീകരണം നൽകാൻ കെൽപ്പുള്ള ഒരു മലയാളിയും ഇന്നില്ലായെന്ന് അടിവരയിട്ടു പറയാൻ ആഗ്രഹിക്കുന്നു. കാര്യകാരണസഹിതം ഈ വസ്തുത വിശദീകരിക്കുന്നതോടൊപ്പം ഒരു കാര്യം തുറന്നു പറയട്ടെ. ആരെയും ചെറുതായോ വലുതായോ ഞാൻ കാണുന്നില്ല. കാണേണ്ടതുപോലെ കാണാനാണ് ശ്രമിക്കുന്നത്.

ഒരു വിദ്യാർത്ഥിക്ക് 1 X1 =1 എന്ന അറിവു മാത്രം മതി. അദ്ധ്യാപകനിലേക്ക് ഈ കണക്ക് വരുമ്പോൾ 1 X1 =1 എന്നത് എങ്ങനെ? എന്തുകൊണ്ട്? എന്നൊക്കെ വിശദീകരിക്കാൻ കഴിയണം. അതുപോലെ, ദൈവത്തിനുവേണ്ടി ജീവിയ്ക്കുവാനും പ്രവർത്തിക്കുവാനും പാണ്ഡിത്യമൊന്നും ആവശ്യമില്ല. എന്നാൽ വചനം വിശദീകരിക്കുവാനും വ്യാഖ്യാനിക്കാനും ഇറങ്ങിത്തിരിച്ചിരിക്കുന്നവർക്ക് പാണ്ഡിത്യം അനിവാര്യമാണുതാനും.

ബൈബിൾ വ്യാഖ്യാനിക്കുന്ന ഒരുവൻ Polyglot (ബഹുഭാഷാവിജ്ഞാനി) ഉം Anthropomorphism (നരകാല്പനം) ഉൾപ്പെടെയുള്ള കാര്യങ്ങൾ അറിയാവുന്ന Polymath (ബഹുവിഷയവിജ്ഞാനി) ആയിരിക്കണം. ബൈബിൾ കാനോനെക്കുറിച്ചും വിവിധ കൈയ്യെഴുത്തു പ്രതികളെക്കുറിച്ചും (Textual criticism) എങ്ങനെ വ്യാഖ്യാനിക്കണം എന്നതിനെക്കുറിച്ചും (Biblical Hermaneutics) ഒക്കെ ശാസ്ത്രീയമായി പഠിച്ചവർ ബൈബിൾ വ്യാഖ്യാനിക്കട്ടെ. ചരിത്ര ദൈവശാസ്ത്രവും (Historical Theology) സഭയുടെ ചരിത്രവും (Ecclesiastical History) പഠിപ്പിക്കലുകൾ (doctrines) എങ്ങനെ ഉളവായി എന്നും മറ്റുമുള്ള പഠനങ്ങളില്ലാത്തവരുടെ ന്യായവാദങ്ങൾക്ക് ഒരു പ്രസക്തിയുമില്ല. ആർക്കും എന്തും എങ്ങനെയും വ്യാഖ്യാനിക്കാം എന്ന സ്ഥിതിവിശേഷം കാര്യങ്ങൾ എവിടംവരെ പോയി എന്നു വ്യക്തമാകാൻ ഇംഗ്ലീഷ് കവി ജോൺ ഡ്രൈഡൻ പറഞ്ഞതിന്റെ സാരാംശം പരിഗണിച്ചാൽ മതിയാകും. ഏറ്റവും കൂടുതൽ ശബ്ദത്തോടെ സംസാരിക്കുന്നവന്റെ വ്യാഖ്യാനം ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. ദൈവവചനത്തെക്കുറിച്ച് ആവേശത്തോടെയുള്ള സംസാരം കൂടുന്നതിനനുസരിച്ച്, വചനത്തെക്കുറിച്ചുള്ള അറിവ് കുറഞ്ഞുവന്നു.




'ടാഗോറിന്റെ ഗീതാഞ്ജലിയിൽ പറയുന്നതുപോലെ' എന്ന അതേ അർത്ഥത്തിലാണ് നാം പൊതുവേ 'ബൈബിളിൽ കാണുന്നതുപോലെ' എന്നുപയോഗിച്ചുവരുന്നത്. 'ബൈബിൾ ഒരൊറ്റ പുസ്തകമാണ്' എന്നൊരു ധാരണ നാം പൊതുവേ പുലർത്തിവരുന്നതുകൊണ്ടാണ് മുൻപറഞ്ഞ വിധത്തിൽ നാം സംസാരിക്കുന്നത്. ബൈബിളിനെ ചരിത്രപരമായി നോക്കിയാൽ ഈ ധാരണ തെറ്റാണെന്നു നമുക്കു മനസ്സിലാക്കാവുന്നതേയുള്ളൂ. 'ബൈബിൾ' എന്ന പദം വരുന്നത് 'ബിബ്ലിയ' എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. 'പുസ്തകങ്ങൾ' എന്നാണർത്ഥം. അപ്പോൾ ആദ്യകാലത്ത് ബൈബിൾ പരിഗണിക്കപ്പെട്ടിരുന്നത് പല പുസ്തകങ്ങളുടെ ഒരു സമുച്ചയമായിട്ടാണ്. ബി.സി. പത്താംനൂറ്റാണ്ട് മുതൽ എ. ഡി. ഒന്നാം നൂറ്റാണ്ടുവരെ എഴുതപ്പെട്ട പുസ്തകങ്ങൾ ഈ സമുച്ചയത്തിലുണ്ട്. ഒരു ചെറിയ ഗ്രാമീണ ലൈബ്രറിയിലുള്ള മിക്ക പുസ്തകങ്ങളും കഴിഞ്ഞ ഒന്നോ രണ്ടോ നൂറ്റാണ്ടിൽ നിന്നുള്ളതായിരിക്കും. ബൈബിളിലെ പുസ്തകങ്ങൾക്കിടയിൽ പത്തു നൂറ്റാണ്ടുകളുടെ അകലമാണുള്ളത്. ഓരോ പുസ്തകവും എഴുതപ്പെട്ടത് പല കാലത്ത് ജീവിച്ച വ്യക്തികളാലാണ്. അതുകൊണ്ടു തന്നെ ബൈബിളിനെ ഉപമിക്കേണ്ടത് ഒരു ലൈബ്രറിയോടാണ്. "തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറി പറയുന്നതുപോലെ" എന്ന പ്രയോഗത്തിലെ അബദ്ധ ജഡിലത "ബൈബിൾ പറയുന്നതുപോലെ" എന്ന പ്രയോഗത്തിലുമുണ്ട്. ലൈബ്രറിയിലെ ഓരോ പുസ്തകവും മറ്റുള്ളവയിൽ നിന്നു വിഭിന്നമായിരിക്കുന്നതുപോലെ തന്നെ, ബൈബിളിലെ ഓരോ പുസ്തകത്തിനും തനതായ ഭാഷാ ശൈലിയും ഊന്നലുകളും ദൈവശാസ്ത്രവും ലോകവീക്ഷണവും ഉണ്ടായിരിക്കും. ബൈബിളിലെ രണ്ടു പുസ്തകങ്ങൾ തമ്മിൽ വിരുദ്ധ അഭിപ്രായങ്ങൾ ഉണ്ടാകുന്നത് വളരെ സ്വാഭാവികമായ കാര്യമാണ്. ബൈബിളിനെ ഏകതാനമായി പരിഗണിക്കുന്ന രീതി തെറ്റാണെന്ന് ഇവയിൽ നിന്നൊക്കെ വ്യക്തമാണല്ലോ.

മറ്റൊരു കാര്യം, ലൈബ്രറിയിൽ നോവൽ, കഥ, ചരിത്രം, ലേഖനം, കവിത തുടങ്ങി പല വിഭാഗങ്ങളിൽപ്പെട്ട ഗ്രന്ഥങ്ങളുണ്ടാകും. ഓരോ വിഭാഗത്തിലും പെട്ട പുസ്തകം ഓരോ രീതിയിലാണല്ലോ നാം മനസ്സിലാക്കുന്നത്. കഥ വായിച്ചു മനസ്സിലാക്കുന്ന രീതിയിലല്ല നാം ഒരു ലേഖനം വായിച്ചു മനസ്സിലാക്കുന്നത്. ചരിത്രവിവരണവും കവിതയും വെവ്വേറെ രീതികളിലാണ് നാം വായിക്കുന്നതും ഗ്രഹിക്കുന്നതും. ചരിത്രം, നിയമം, കഥകൾ, കവിതകൾ, പ്രാർത്ഥനകൾ, ഐതിഹങ്ങൾ, ജ്ഞാനസൂക്തങ്ങൾ, കത്തുകൾ തുടങ്ങിയവയുടെയെല്ലാം ഒരു ശേഖരമാണ് ബൈബിൾ. ഓരോന്നിനെയും സമീപിക്കേണ്ടത് തനതായ രീതിയിലാണ്. സങ്കീർത്തനം 17:1, യോശുവ 10:12, യോന 3:7 എന്നൊക്കെ നാം പറയുമ്പോൾ എല്ലാം ഒരേപോലെയാണ് മനസ്സിലാക്കപ്പെടുന്നത് എന്നു തോന്നുന്നു. ആദ്യത്തേത് പ്രാർത്ഥനയാണ്; രണ്ടാമത്തേത് ചരിത്രമാണ്; മൂന്നാമത്തേത് കഥയാണ്. ബൈബിളിനെ ഏകതാനമായി കാണുന്ന രീതി ശരിയല്ലെന്ന് അങ്ങനെ വീണ്ടും വ്യക്തമാകുന്നു.

ബി.സി. പത്താം നൂറ്റാണ്ടിൽ എഴുതപ്പെട്ടതുപോലും ബൈബിളിലുണ്ട് എന്നു പറഞ്ഞിരുന്നുവല്ലോ. അക്കാലത്ത് എഴുതാനുപയോഗിച്ചിരുന്നത് മൃഗങ്ങളുടെ തുകലും പപ്പൈറസ് ചെടിയിൽ നിന്നുണ്ടാക്കിയ കടലാസിന്റെ ആദ്യരൂപവും ഒക്കെയായിരുന്നു. വേഗം നശിച്ചുപോകുന്നവയായിരുന്നു അവയൊക്കെ. എന്നിട്ടും പത്തു നൂറ്റാണ്ടുകളോളം അത്തരം രേഖകൾ സംരക്ഷിക്കപ്പെട്ടുവെങ്കിൽ അവ അത്രകണ്ട് ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്നിരിക്കണം. അല്ലെങ്കിൽ അവയുടെ അനേകം കോപ്പികൾ തലമുറതലമുറയായി പകർത്തിയെഴുതപ്പെട്ടിരിക്കണം. അതിനർത്ഥം ആ രേഖകൾ സൂക്ഷിച്ച ജനതയുടെ ജീവിതത്തിൽ പ്രസ്തുത രേഖയിലെ കാര്യങ്ങൾ അത്രമേൽ സ്വാധീനം ചെലുത്തിയിരുന്നു എന്നാണല്ലോ. ഈ രേഖകൾ സൂക്ഷിക്കാനും പകർത്തിയെഴുതാനും ഒക്കെ മുൻകൈ എടുത്തവർ ആരായിരിക്കും?

രാജാക്കന്മാർ തങ്ങൾ ഭരിക്കുന്ന ജനതയ്ക്കിടയിൽ ഏകതാബോധം സൃഷ്ടിക്കുന്നതിനും രാജ്യത്തിന് അഖണ്ഡത കൈവരുത്തുന്നതിനും വേണ്ടി തങ്ങളുടെ പാരമ്പര്യത്തിലും ചരിത്രത്തിലും ഉള്ള പല കാര്യങ്ങളും ഉപയോഗിച്ച് രചന നടത്തിയിട്ടുണ്ടാകാം. ന്യായാധിപന്മാർ തങ്ങളുടെ സമൂഹത്തിൽ പാലിക്കപ്പെട്ടിരുന്ന പല നിയമങ്ങളും കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുവേണ്ടി രേഖപ്പെടുത്തിയിട്ടുണ്ടാകാം. ബലിയർപ്പണങ്ങൾക്കും വിവിധ ഉത്സവങ്ങൾക്കും വേണ്ടി ഉപയോഗിക്കപ്പെട്ടിരുന്ന അനുഷ്ഠാനവിധികളും തത്സംബന്ധിയായ നിയമങ്ങളും പുരോഹിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ടാകാം. സമൂഹത്തിന്റെ പൊതുഓർമ്മയുടെ ഭാഗമായി നിൽക്കാറുള്ള പഴയകാല നായകരെക്കുറിച്ചുള്ള വീരഗാഥകൾ വരുംതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. വീടുകളിലും കൂട്ടായ്മകളിലും ഉപയോഗിച്ചിരുന്ന പ്രാർത്ഥനകളും ഇപ്രകാരം എഴുതപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ഇവയെല്ലാം പലയാളുകൾ ചേർന്ന് പല കാരണങ്ങളുടെ പേരിൽ എഴുതിവയ്ക്കുകയും പിന്നീട് പലതവണ പകർത്തി എഴുതപ്പെടുകയും ചെയ്തവയാണ്.

അങ്ങനെ ചിതറിക്കിടന്ന പല പാരമ്പര്യങ്ങളും അവയെക്കുറിച്ചുള്ള രേഖകളും ഒരുമിച്ചു കൊണ്ടുവരാൻ നിമിത്തമായത് യഹൂദരുടെ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമാണ് ബി.സി.587-ലെ ബാബിലോൺ വിപ്രവാസം. ബാബിലോൺ സാമ്രാജ്യം യൂദയാ കീഴടക്കുകയും തദ്ദേശവാസികൾക്ക് തനിമ നല്കിയിരുന്ന എല്ലാം-ജറുസലേം ദേവാലയം, ദാവീദിന്റെ സിംഹാസനം, വാഗ്ദത്ത ഭൂമി അവർ തച്ചുടയ്ക്കുകയും ചെയ്തു. തുടർന്ന് കഴിവും പ്രാപ്തിയുമുള്ള എല്ലാ യഹൂദന്മാരെയും അടിമവേലയ്ക്കായി ബാബിലോണിലേക്കു കൊണ്ടുപോകുകയും ചെയ്തു. ബി.സി.537-ൽ സൈറസ് രാജാവിന്റെ നേതൃത്വത്തിൽ പേർഷ്യൻ സാമ്രാജ്യം ബാബിലോണിനെ തോല്പിച്ചതോടെയാണ് വിപ്രവാസത്തിലായിരുന്ന ജനതയ്ക്ക് തങ്ങളുടെ നാട്ടിലേക്ക് മടങ്ങാനായത്. അടിമുടി തകർക്കപ്പെട്ട തങ്ങളുടെ നാടും സമൂഹവും ആദ്യം മുതൽ യഹൂദർക്കു പുനർനിർമ്മിക്കേണ്ടിവന്നു. ഈ പുനർനിർമ്മാണം ആരുടെ നേതൃത്വത്തിൽ നിർവ്വഹിക്കപ്പെടണം എന്നതിനെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ അന്നുണ്ടായിരുന്നു. ബാബിലോണിനാൽ തകർക്കപ്പെടുന്നതിനു മുമ്പ് യൂദയാ ഭരിച്ചിരുന്ന രാജാവിന്റെ കുടുംബത്തിലുള്ളവരുടെ നേതൃത്വത്തിൽ വേണമെന്ന് ഒരു വിഭാഗവും അതല്ല ജറുസലേം ദേവാലയത്തിലെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്ന പുരോഹിതരുടെ നേതൃത്തിൽ വേണമെന്നു വേറൊരു വിഭാഗവും വാദിച്ചു. പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായിത്തന്നെ തുടരണമെന്നും, അതല്ല പൂർണ്ണസ്വാതന്ത്ര്യം കിട്ടാനുള്ള ഏതവസരവും ഉപയോഗപ്പെടുത്തണമെന്നും അഭിപ്രായങ്ങളുണ്ടായി. (തുടരും)

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2018-2020
Licence No. KL/CR/MVK/WPP-03/2018-20
Licensed to post without prepayment
Posted on 15,20 Augt: 2020 at RMS Kayamkulam
Published on Ist Aug: 2020
RNI Registered No. KERMAL/2002/7361

## ജീവനും മരണവും



**രാ**ജാവ് വിചിത്രമായ ഒരു സ്വപ്നം കണ്ടു. എത്ര ആലോചിച്ചിട്ടും അദ്ദേഹത്തിന് അതിന്റെ പൊരുൾ പിടികിട്ടിയില്ല. രാജാവ് കൊട്ടാരം പണ്ഡിതനെ വരുത്തി കാര്യം പറഞ്ഞു.

“പ്രഭോ അങ്ങ് കണ്ട സ്വപ്നം എന്താണ്?'', പണ്ഡിതൻ അന്വേഷിച്ചു.

“ഞാൻ ഒരു ദിവസം കാട്ടിൽ വേട്ടയാടാൻ പോയതാണ്!”, രാജാവ് താൻ കണ്ട സ്വപ്നം വിവരിക്കാൻ തുടങ്ങി: “പെട്ടെന്ന് മുന്നിൽ ഒരു സിംഹം. മറ്റൊന്നും ചെയ്യാനാവാതെ ഞാൻ പിൻതിരിഞ്ഞ് ഓടി. മുന്നിൽ കണ്ട ഒരു മരത്തിൽ ചാടിക്കയറി. പക്ഷേ, പിന്നാലെ ഓടിവന്ന സിംഹത്തിന് എന്നെ വിടാൻ ഭാവമില്ലായിരുന്നു. അത് ആ മരത്തിനു കീഴിൽ എന്നെ കാത്തിരുന്നു.”

“അപ്പോഴാണ് ഞാൻ മറ്റൊരു കാര്യം ശ്രദ്ധിച്ചത്. ഞാനിരിക്കുന്ന മരക്കൊമ്പ് രണ്ട് എലികൾ മാറി മാറി വന്ന് കരണ്ട് മുറിക്കുന്നു. ഒരെലിക്ക് കറുപ്പുനിറവും മറ്റേതിന് വെളുപ്പുനിറവുമാണ്. ഇവ കരണ്ടുതിന്നുന്നതുകൊണ്ട് ഞാനിരിക്കുന്ന മരക്കൊമ്പ് വൈകാതെ ഒടിഞ്ഞുവീഴാം. ഞാൻ താഴേക്ക് നോക്കി. അപ്പോഴതാ ഒരു കറുത്ത പാമ്പ് തൊട്ടു താഴത്തെ ചില്ലയിലിരുന്ന് എന്റെ നേരെ വാ തുറന്ന് ആക്രമിക്കാൻ തയ്യാറെടുക്കുന്നു.”

“പേടിച്ചങ്ങനെയിരിക്കുമ്പോൾ എന്റെ നെറ്റിയിൽ വെള്ളത്തുള്ളി പോലെ എന്തോ ഒന്ന് വന്നുവീണു. അത് ഒലിച്ചിറങ്ങി എന്റെ ചുണ്ടിനുമേൽ എത്തി. നാക്ക് നീട്ടി ഞാനത് രുചിച്ചുനോക്കി. നല്ല മധുരമുള്ള തേൻ. ഞാൻ മേലേക്ക് നോക്കിയപ്പോൾ തൊട്ട് മുകളിലെ മരച്ചില്ലയിൽ തേൻ തുളുമ്പുന്ന ഒരു തേൻകൂട്. അതിൽ നിന്ന് തേൻതുള്ളികൾ വീണ്ടും വീണ്ടും ഇറ്റുവീണുകൊണ്ടിരിക്കുന്നു. ഞാനത് എന്റെ നാവുനീട്ടി ആസ്വദിച്ചുകൊണ്ടേയിരുന്നു. അതിന്റെ മധുരത്തിൽ ഞാൻ താഴെയുള്ള സിംഹത്തേയും പാമ്പിനേയും ചില്ലകൾ കരണ്ട് മുറിക്കുന്ന എലികളേയും മറന്നു. ഇത്രയുമായപ്പോഴേക്കും ഞാൻ ഉണർന്നു.” രാജാവ് പറഞ്ഞു നിർത്തി.

പണ്ഡിതൻ അല്പനേരം ആലോചനയിലാണ്ടശേഷം പറഞ്ഞു: “പ്രഭോ, സ്വപ്നത്തിൽ കണ്ട ആ സിംഹം മരണത്തെ സൂചിപ്പിക്കുന്നു. അങ്ങ് മരത്തിൽ നിന്ന് രക്ഷപ്പെട്ട് എങ്ങോട്ടുപോയാലും സിംഹവും കൂടെ വരും. അതുപോലെയാണ് മരണവും. നമ്മൾ എവിടെപ്പോയാലും മരണം നമ്മെ പിന്തുടരുന്നുണ്ടാവും. മരച്ചില്ല കരണ്ട് തിന്നുന്ന കറുപ്പും വെളുപ്പും നിറമുള്ള എലികൾ രാത്രിയേയും പകലിനേയും സൂചിപ്പിക്കുന്നു. ഓരോ എലിയും വന്ന് മരച്ചില്ല കാർന്ന് തിന്നുകയാണല്ലോ. അങ്ങനെ രാവും പകലും കടന്നുപോകുമ്പോൾ നമ്മുടെ ആയുസ്സും തീർന്ന് മരണത്തിലേക്ക് അടുത്തുകൊണ്ടേയിരിക്കും.”

“താഴെ വായും തുറന്നിരിക്കുന്ന പാമ്പ് ശവക്കുഴിയുടെ പ്രതീകമാണ്. അത് താങ്കളെ പ്രതീക്ഷിച്ച് വായും തുറന്ന് ഇരിക്കുന്നു. ഇതിനിടയിലും മുകളിൽ നിന്നും ഇറ്റിറ്റുവീഴുന്ന തേൻതുള്ളി ജീവിതത്തിലെ സുഖസൗകര്യങ്ങളെ സൂചിപ്പിക്കുന്നു. എല്ലാം മറന്നുകൊണ്ട് തേനാകുന്ന ജീവിതത്തിന്റെ മധുരം നാം ആസ്വദിച്ചുകൊണ്ടേയിരിക്കുന്നു.

മരണത്തിലേക്ക് വഴുതിപോകുന്ന ജീവിതത്തെക്കുറിച്ച് ബോധമുള്ളവരായി രക്ഷപ്രാപിച്ച് ജീവനിലേക്ക് കടക്കുവാനുള്ള ഒരു ഓർമ്മപ്പെടുത്തലാകട്ടെ ഈ സ്വപ്നം.

## ശത്രുക്കളില്ലാത്തലോകം

**ജൂ**ലിയസ് സീസർ ഒരു ദിവസം താൻ ഒരിക്കലും വായിച്ചിട്ടില്ലാത്ത ഒരു കെട്ട് എഴുത്ത് കണ്ടുപിടിച്ചു. തന്റെ ഏറ്റവും വലിയ ശത്രുവായ പോംബെ എഴുതിയതായിരുന്നു അവ. അതിലെ വിവരങ്ങൾ എന്താണെന്നു ചില നിമിഷങ്ങൾ കൊണ്ട് അദ്ദേഹത്തിന് പിടികിട്ടി. അദ്ദേഹത്തെപ്പറ്റി വളരെ മോശമായ രീതിയിൽ വിമർശിച്ചുകൊണ്ട് എഴുതിയവയായിരുന്നു ആ കത്തുകളെല്ലാം. അദ്ദേഹം തീകൂട്ടി ഇതെല്ലാം കത്തിച്ചുകളഞ്ഞു. എന്തുകൊണ്ട് നിങ്ങൾ ആ എഴുത്തുകളെല്ലാം വായിച്ചില്ല? ഒരാൾ അദ്ദേഹത്തോടു ചോദിച്ചു. എന്റെ ബലഹീനത എനിക്കറിയാം - ഞാൻ മുൻകോപിയാണ്. എന്നാൽ ഞാൻ ശ്രമിച്ചാൽ എന്റെ കോപം അടുക്കുവാനും എനിക്കറിയാം. എന്നെ കോപിപ്പിക്കുന്ന കാര്യങ്ങൾ ഒഴിവാക്കുകയായിരിക്കും നല്ലത്. അതുകൊണ്ട് ഈ എഴുത്തുകളൊന്നും ഞാൻ വായിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഇതായിരുന്നു മറുപടി.



റെഡ്ക്രോസ് എന്ന സംഘടന ലോകപ്രസിദ്ധമാണ്. ജനലക്ഷങ്ങളെ സഹായിച്ചു രക്ഷിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക കാർലാ-ബാർട്ടൺ എന്ന സ്ത്രീയാണ്. ചിലർ ഒരിക്കൽ അവരോട് ദോഷം പ്രവർത്തിക്കുകയും അവരെ കഠിനമായി വിമർശിക്കുകയും ചെയ്തു.

ഒരു ദിവസം ഒരു കൂട്ടുകാരി ഇവരുടെ അടുത്തു വന്ന് ഇങ്ങനെ ചോദിച്ചു:

അവർ നിങ്ങളെക്കുറിച്ചു പറയുന്ന ദോഷവശങ്ങൾ നിങ്ങൾ കേൾക്കുന്നില്ലേ? നിങ്ങളെ വിമർശിച്ച് നിങ്ങളുടെ പേരു നാറ്റിക്കാൻ വേണ്ടി അവർ ചെയ്ത കാര്യങ്ങൾ ഓർക്കുന്നില്ലേ? ഞാൻ ഓർക്കുന്നില്ലല്ലോ, എത്ര ശ്രമിച്ചിട്ടും ഓർക്കുന്നില്ലല്ലോ. ബാർട്ടൺ പറഞ്ഞു. അപ്പോൾ ഈ കൂട്ടുകാരി അതിനെപ്പറ്റി വിവരിക്കുവാൻ ആരംഭിച്ചു അവസാനം കാർലാ-ബാർട്ടൺ ഇപ്രകാരം പറഞ്ഞു:

എന്റെ കൂട്ടുകാരീ, അവർ എന്നോട് ചെയ്തത് മനഃപൂർവമായി മറക്കുവാൻ തീരുമാനിച്ച ആ ദിവസവും മറന്ന സംഭവവും ഞാൻ ഓർക്കുന്നു. ബാക്കി ഒന്നുംതന്നെ ഞാൻ ഓർക്കുന്നില്ല.

ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായത് മുൻകരുതി കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു അവൻ തന്നെ എന്നാണ് സിസറോ പറഞ്ഞത്.

ശത്രുക്കളെ ഇല്ലാതാക്കുവാൻ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? ബൈബിളിൽ നാം വായിക്കുന്നു, നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ, ശപിക്കാതെ അനുഗ്രഹിപ്പീൻ. ശത്രുവിനെ ആദ്യം മിത്രമായി കണ്ടിട്ട് അവനോട് ഇടപെടണം. അവനുവേണ്ടി പ്രാർത്ഥിക്കണം. അപ്പോൾ ആ വ്യക്തിയെ അനുഗ്രഹിപ്പാൻ കഴിയും. അങ്ങനെ ശത്രുക്കൾ ഇല്ലാത്ത ലോകം സൃഷ്ടിക്കാം.



## ഡയ്ലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺സ്വപ്നങ്ങളേക്കാൾ മനോഹരമാണ് ജീവിതം എന്നുപറയുന്നത് എന്തുകൊണ്ടാണ്?

ടി. ജെ. മോഹൻദാസ്, പന്നിയോട്, കാട്ടാക്കട, തിരുവനന്തപുരം.

☹***സ്വപ്നം മനസിന്റെ മാത്രം വ്യാപാരമാണ്. ജീവിതമാകുമ്പോൾ എല്ലാ അവയവങ്ങൾക്കും പങ്കെടുക്കാം.***

☺ചിലരുടെ പ്രസംഗം കേട്ടാൽ സ്വർഗ്ഗം താണിറങ്ങിവരുന്നതായി തോന്നും. സത്യത്തിൽ ഇത്...?

ജെസ്റ്റിൻ ഫിലിപ്പ്, പെണ്ണുക്കര, പൂമല, ചെങ്ങന്നൂർ

☹ ***ഉണ്ടയില്ലാ വെടിയാണ്.***

☺വാക്കുകൾ പിന്നിലും പ്രവർത്തി മുന്നിലും ആയിരിക്കണമെന്നാണ് ടോൾസ്റ്റോയി പറഞ്ഞിട്ടുള്ളത്. ആത്മീയ നേതാക്കൾ പ്രാവർത്തികമാക്കേണ്ട കാര്യമല്ലേ ഇത്?

എമിലി ചെറിയാൻ, കോട്ട, കാരയ്ക്കാട്, പത്തനംതിട്ട

☹***വാക്കിലും പ്രവർത്തിയിലും അവർ മുന്നിൽ തന്നെ. വാക്കുകൾ ആത്മീയവും, പ്രവർത്തി തരികിടയുമാണെന്നു മാത്രം.***

☺ആത്മീയരുടെയിടയിൽ കുതിരക്കച്ചവടമുണ്ടോ?

കുഞ്ഞുമോൻ ചാക്കോ, പുല്ലഞ്ചേരി, നല്ലത്താണി, നിലമ്പൂർ

☹***ഇല്ല, അതുക്കുംമേലെയുള്ള കച്ചവടക്കാരാണിവിടുള്ളത്.***

☺ആത്മീയാഭിനേതാക്കൾ കളമൊഴിഞ്ഞു പോകുമ്പോൾ കളത്തിൽ ബാക്കിവയ്ക്കുന്നതെന്തായിരിക്കും?

ഫിന്നി സാമുവേൽ, തേവലപ്പുറം, പുത്തൂർ, കൊട്ടരക്കര

☹***മലിനമാക്കപ്പെട്ട ആത്മീയം***

☺കൊറോണ പ്രതിസന്ധിയിൽ വേദാഭിമാനിയുടെ അവസ്ഥ.

ജോയമ്മ സന്തോഷ്, വെള്ളക്കുളങ്ങര, മണക്കാല, അടൂർ

☹ ***എരിതീയ്ക്കടുത്ത് ചാഞ്ചാട്ടമില്ലാതെ നിൽക്കുന്ന എണ്ണ വറ്റാത്ത വിളക്കാണ് വേദാഭിമാനി***

☺സ്നേഹം എപ്പോഴെങ്കിലും തണലാകുമോ.

ഷേർളി വിൽസൻ, പെരുമ്പെട്ടി, മല്ലപ്പള്ളി

☹***സ്നേഹം കൊടുത്താൽ തണലുകിട്ടില്ല. തണലുകൊടുത്താൽ സ്നേഹം കിട്ടണമെന്നുമില്ല.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally